# ലിറ്റിൽ മാസിക

ലക്കം 137


2012 ഏപ്രിൽ

**ടെലിവിഷൻ അൽപനേരം നിർത്തിവെക്കൂ**

തീരപ്രദേശങ്ങളിൽ സുനാമി സൃഷ്ടിച്ച രാക്ഷസത്തിരകളുടെ നടുക്കത്തിൽ നിന്നു കരകയറാൻ മദ്യത്തിൽ അഭയം തേടി പുരുഷൻമാർ. സ്ത്രീകൾക്കു കരയാനല്ലാതെ എന്തു പറ്റും? ഞങ്ങൾ അവർക്കൊരു ജോലി കൊടുത്തു. ഒരു കുഞ്ഞിപ്പാവയെ ഉണ്ടാക്കുക. ഏഴു ഗ്രാമങ്ങളിൽ നിന്ന് 500 സ്ത്രീകൾ ഉത്സാഹത്തോടെ അതിനു മുന്നിട്ടിറങ്ങി. പാവ ഉണ്ടാക്കുന്നതിലൂടെ അവർ മറ്റൊരു ലോകത്തെത്തി, മനസ്സിന്റെ ദുഃഖങ്ങൾ മാറി..







**അമ്മ അറിയാൻ**

വീണ്ടും വായിക്കേണ്ട കാവ്യപുസ്തകം

# മൂന്ന്കോപ്പ വെള്ളം

## അഥവാ ജല വിനിയോഗത്തിലെ ജാഗ്രത






# നിലാവ്

മലമുകളിലെ കുടിലിൽ വളരെ പ്രായം ചെന്ന ഒരാൾ തനിച്ച് താമസിക്കുകയായിരുന്നു. ഒരു ദിവസം രാത്രിയിൽ ഒരു മോഷ്ടാവ് അവിടെയെത്തി.എന്തോ ശബ്ദം കേട്ട് എഴുന്നേറ്റ വൃദ്ധനായ വീട്ടുകാരന്റെ മുന്നിൽ തന്നെ മോഷ്ടാവ് വന്നുപെട്ടു.വൃദ്ധന്റെ കയ്യിൽ ആകെ തുള വീണ ഒരു കമ്പിളിപ്പുതപ്പുമാത്രമെ ഉണ്ടായിരുന്നുള്ളൂ.ആ പുതപ്പ് മോഷ്ടാവിനു നൽകി പറഞ്ഞയച്ചു.നല്ല തണുപ്പുള്ള രാത്രിയായിരുന്നു അത്.എല്ലു തുളയ്ക്കുന്ന തണുപ്പിൽ വൃദ്ധന് ഉറങ്ങാൻ കഴിഞ്ഞില്ല.അയാൾ പതുക്കെ ജനാലയിലൂടെ പുറത്തേക്ക് നോക്കി.പാൽനിലാവിൽ കുളിച്ച് താഴ്‌വര അത്യന്തം മനോഹരമായി കാണപ്പെട്ടു.നിലാവും നിഴലും ഇടകലർന്ന് എഴുതിയ മനോഹര ദൃശ്യത്തിൽ മുഴുകിയപ്പോൾ തണുപ്പു തോന്നിയില്ല .പെട്ടന്ന് അയാൾക്ക് വല്ലാത്ത കുറ്റബോധം തോന്നി.അയാൾ മനസ്സിൽ ഓർത്തു. ഈ നിലാവ് മോഷ്ടാവിനു കൊടുത്തയക്കാൻ കഴിഞ്ഞില്ലല്ലോ...

*1992-ൽ ദൃഷ്ടി എന്ന പേരിൽ പ്രസിദ്ധീകരണം ആരംഭിച്ചു. 1993 മുതൽ ലിറ്റിൽ മാസിക എന്ന പേരിൽ രജിസ്റ്റർ ചെയ്ത് മാസികയായി പ്രസിദ്ധീകരിച്ചു വരുന്നു.20-ാം വർഷം*

---





**മൊഴിയാഴങ്ങൾ**

**ഷൗക്കത്ത്**

**ആശങ്കയുടെ
ആധിക്യത്തിൽ നിന്നും
ആശകളുണരുന്നു.**

ആശങ്കകളുടെ മുൾമുനയിലാണ് ഏവരുടേയും ജീവിതം. നാളെ എങ്ങനെ കഴിയുമെന്ന ആധി ഇന്നിനെ നരകമാക്കുന്നു. ആവശ്യങ്ങൾക്കു മുകളിൽ ആവശ്യങ്ങൾ. നാളെയെ സുരക്ഷിതമാക്കാനുള്ള വ്യഗ്രതയിൽ നിന്ന് ആർത്തിയുടെ പ്രവാഹമുണ്ടാകുന്നു. അതിന്റെ സാക്ഷാത്ക്കാരത്തിനായി വിശ്രമമില്ലാതെ പണിയെടുത്ത് രോഗത്തിനടിമയാകുന്നു. ദുരഭിമാനത്തെ നിലനിർത്താനായുള്ള വെപ്രാളമാണെങ്ങും. ആയിത്തീരാനുള്ള ത്വരയിൽ നിന്ന് അസ്വസ്ഥതയേ ഉണ്ടായി വരൂ. ആയിരിക്കുന്നതിൽ സന്തോഷിക്കാനായാൽ മാത്രമേ എന്താണോ ആയിത്തീരേണ്ടത് അതിലേക്ക് സുഗമമായി ഒഴുകാനാകൂ. ഏറ്റവും വലിയ അനുഗ്രഹം നാം ഇപ്പോൾ ജീവിച്ചിരിക്കുന്നതുതന്നെയാണെന്ന് അറിഞ്ഞാലേ ഇന്നിൽ സന്തോഷിക്കാനാവൂ. അവിടെ ആശകൾ പരിമിതമാകും. ആശങ്കകൾ കുറഞ്ഞിരിക്കും.

---

Ph: 04931-231493, 232780
Mob: 9946428284, 8547300532
email:littlemasika@gmail.com

ചുങ്കത്തറ പി.ഒ.,
മലപ്പുറം 679334

ചീഫ് എഡിറ്റർ
**ബിജു ജോൺ**

കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
**അബ്ദുള്ളക്കുട്ടി എടവണ്ണ**

മാനേജിംഗ് എഡിറ്റർ
**ജയപ്രകാശ് നിലമ്പൂർ**

എക്സിക്യൂട്ടീവ് എഡിറ്റർ
**പി.എം. ജോൺ**

പത്രാധിപ സമിതി
**സതീഷ് ചളിപ്പാടം**
**മനോഹർ വർഗീസ്**
**ചന്ദ്രബാബു തൃക്കലങ്ങോട്**


സ്പെഷ്യൽ കറസ്പോണ്ടന്റ്
**ഹാരിസ് നെന്മേനി**

ടൈപ്പ് സെറ്റിംഗ്
**ജസീല**

ലേഔട്ട്
**ലിമാ ക്രിയേറ്റീവ്**
കവർ ഫോട്ടോ
**ഹസൻ മമ്പാട്**

പ്രിന്റിംഗ്
4 പ്രിന്റ്,മഞ്ചേരി

copyleft



## *അതിനാൽ സുഹൃത്തെ....*

*നിങ്ങൾ അറിയപ്പെടുന്ന ഒരാളല്ലായിരിക്കാം. നിങ്ങൾ ഇതുവരെ പുസ്തകങ്ങൾ ഒന്നും എഴുതിയിട്ടില്ലായിരിക്കാം. പക്ഷെ മറ്റുള്ളവരെ പ്രചോദിപ്പിക്കുന്ന പലതും നിങ്ങളുടെ ജീവിതാനുഭവങ്ങളിലുണ്ടാവാം. മഹാൻമ്മാരെന്നു പറയപ്പെടുന്നവർക്കു മാത്രമല്ലാ പ്രചോദിപ്പിക്കുന്ന ജീവിതമുള്ളത്.അനുഭവങ്ങളുള്ളത്... ഒരോരുത്തരുടെയും ജീവിതാനുഭവങ്ങൾ മഹത്തരങ്ങളാണ്. അത് ഏറ്റവും ചെറുതാവാം, ഏറ്റവും സാധാരണമായ ഒന്നിനെപ്പറ്റിയാവാം. . അനുഭവങ്ങൾ അത് എന്തെങ്കിലുമാവട്ടെ അതിന്റെ സത്യസന്ധതയും സ്വാഭാവികതയുമാണ് പ്രധാനം.. ഏത് ചെറിയ കാര്യവും മാസികയ്ക്ക് പ്രധാനമാണ്.അതിനാൽ സുഹൃത്തെ എഴുതുക...*
*-ലിറ്റിൽ മാസിക*



# ജാഗ്രതയിൽ നാരങ്ങ തിന്നുമ്പോൾ

**കെ.അരവിന്ദാക്ഷൻ**

**മധുരനാരങ്ങ നാം ജാഗ്രതയിൽ തിന്നുമ്പോൾ നാം അറിയുന്നു, മധുരനാരങ്ങയുടെ ഓരോ അല്ലിയും സ്വതന്ത്രമായിരിക്കുമ്പോൾ തന്നെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നത്. നമ്മുടെ സ്വാതന്ത്ര്യം പരസ്പരാശ്രിതമാണ്. എല്ലാം ചേർന്നുള്ള സമഗ്രതയാണ് മധുരനാരങ്ങയെന്ന് നാം അറിയുന്നു.**

ബോധോദയ യാമങ്ങൾക്കുശേഷം ഗൗതമ ബുദ്ധൻ ആദ്യം ഉരിയാടിയത് കാലിച്ചെറുക്കനായ സ്വാസ്തിയോടാണ്. (തിച്ച് നാത്ഹാൻ: പഴയപാത വെളുത്ത മേഘങ്ങൾ) പുലരിവെളിച്ചത്തിൽ തന്റെ ഗുരുനാഥനെ കണ്ട് സ്വാസ്തി സ്തബ്ധനായിപ്പോയി. അത്രയ്ക്ക് മാറിയിരുന്നു, തന്റെ ഗുരുനാഥൻ. ചൈതന്യതേജസ്സ്. ബുദ്ധൻ മന്ദഹസിച്ചു.

അവനെ അരികിലേക്ക് വിളിച്ച് സ്പർശിച്ചപ്പോഴാണ് അവന് ബോധം വീണത്. ബുദ്ധന്റെ ബോധോദയോർജ്ജത്തിൽ സ്വാസ്തിക്കുണ്ടായ ബോധക്ഷയം, ഭൂമിയിൽ ഒരു മഹാസംക്രമണത്തിന്റെ ആദ്യനിമിഷമായിരുന്നു.

അന്നുച്ചതിരിഞ്ഞ് ബുദ്ധൻ കുട്ടികളെ പിപ്പാല വൃക്ഷച്ചുവട്ടിൽ വിളിച്ചുകൂട്ടി. താൻ വിമോചിതനായ കഥ അദ്ദേഹം പറഞ്ഞു. കുട്ടികൾ അദ്ദേഹത്തെ ബുദ്ധനെന്നു വിളിച്ചു. പിപ്പാലവൃക്ഷത്തെ ബോധിവൃക്ഷമെന്നും. എങ്ങിനെയാണ് ബോധോദയത്തിലെത്തുകയെന്ന് അദ്ദേഹം കുട്ടികളോട് വിശദീകരിച്ചു. അതിലളിതമായി.

ഉപഹാരമായി കൊണ്ടുവന്ന മധുരനാരങ്ങകൾ അദ്ദേഹം കുട്ടികൾക്കുതന്നെ തിരിച്ചുനൽകി. എന്നിട്ടദ്ദേഹം മധുരനാരങ്ങ ജാഗ്രതയിൽ തിന്നുന്നതെങ്ങനെയെന്ന് പറഞ്ഞു.

മധുരനാരങ്ങയുടെ തൊലിപൊളിക്കുമ്പോൾ നാം അറിയുന്നു, നാം മധുരനാരങ്ങയുടെ തൊലി പൊളിക്കുകയാണെന്ന്. മൂത്ത് പഴുത്ത അതിന്റെ നറുമണം നാം ഹൃദയത്തിലേക്കാവാഹിക്കുന്നു. അതിന്റെ ഓരോ അല്ലിയും നാം തിന്നുമ്പോൾ നാം അറിയുന്നു, നാം മധുരനാരങ്ങ തിന്നുകയാണെന്ന്. മധുരനാരങ്ങ നാം ജാഗ്രതയിൽ തിന്നുമ്പോൾ നാം അറിയുന്നു, മധുരനാരങ്ങയുടെ ഓരോ അല്ലിയും സ്വതന്ത്രമായിരിക്കുമ്പോൾ തന്നെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നത്. നമ്മുടെ സ്വാതന്ത്ര്യം പരസ്പരാശ്രിതമാണ്. എല്ലാം ചേർന്നുള്ള സമഗ്രതയാണ് മധുരനാരങ്ങയെന്ന് നാം അറിയുന്നു.

തുടർന്ന്, നാം നമ്മുടെ ഹൃദയത്തിൽ മധുരനാരങ്ങ എന്ന ചെടി തിരിച്ചറിയുന്നു. ചെടിയുടെ ശാഖകൾ, ഇലകൾ, പൂവുകൾ, കായ്കൾ, മധുരനാരങ്ങകൾ. ശാഖകളിലെ പക്ഷികൾ, ഇലകളിലെ ശലഭങ്ങൾ, ചെറുപ്രാണികൾ, അതിസൂക്ഷ്മ ജീവികൾ, തടിയിലൂടെ നീങ്ങുന്ന ഉറുമ്പുകൾ, ഇഴജീവികൾ. ഇലകൾക്കിടയിലൂടെ തെളിയുന്ന് മേഘങ്ങൾ. മേഘങ്ങൾ രൂപം മാറുന്നത്. ഘനീഭവിച്ച് മഴയായി ഭൂമിയിൽ പതിയുന്നത്. മഴവെള്ളം നാരങ്ങാ ചെടിയുടെ ഇലകളിലൂടെ മണ്ണിലേക്ക് കിനിഞ്ഞിറങ്ങുന്നത്. മണ്ണിലെ പരസഹസ്രം ജീവികളെ നാം തിരിച്ചറിയുന്നു. മഴത്തുള്ളികൾ ചെടിയുടെ വേരുകളിലെത്തി മണ്ണിന്റെ ആഴത്തിലേക്കു നീങ്ങി ഈർപ്പമായി സ്വച്ഛന്ദമായി സഞ്ചരിച്ച്, പല തുള്ളികൾ ചേർന്ന് ചതുപ്പിലൂർന്ന് ചാലായി, അരുവിയായി, നദിയായി കോടിക്കണക്കിന് ജീവികൾക്ക് ജീവാമൃതമായി, കടലുകളിലേക്കൊഴുകി അനന്തകോടി ജീവികളുടെ ജീവജലമായി മാറുന്നത് നാം അറിയുന്നു. ഭൂമിക്കടിയിലൂടെയുള്ള ഉറവകൾ തമ്മിലുള്ള വിനിമയങ്ങൾ നാം അറിയുന്നു. നിളയും ഗംഗയും വാൾഡനും നൈലും ടൈഗ്രീസും മിസിസിപ്പിയും ആമസോണും യാങ്ടീസും ശാന്തസമുദ്രവും ചെങ്കടലും പരസ്പരം സംവദിക്കുന്നത് നാം അറിയുന്നു.

പിന്നെയെങ്ങിനെയാണ് ഹിന്ദുവും മുസൽമാനും ക്രിസ്ത്യാനിയും പാഴ്സിയും തമ്മിൽ, കറുത്തവനും വെളുത്തവനും തമ്മിൽ, പാക്കിസ്ഥാനിയും ഇന്ത്യക്കാരനും തമ്മിൽ, ആണും പെണ്ണും, പുല്ലും പുഴുവും ആനയും മണ്ണിരയും കല്ലും മരവും തമ്മിൽ.... ഭേദമുണ്ടാകുന്നത്? ഞാൻ നിങ്ങളുടെ ശത്രുവാകുന്നത്? നിങ്ങൾ എന്റെ ശത്രുവാകുന്നത്.....?



# വിജ്ഞാനത്തിന്റെ ഗർത്തം

**ഫുക്കുവോക്ക**

*കലാലയം ചെയ്യുന്നത് എന്തൊക്കെയാണ്? ശരിക്കു പറഞ്ഞാൽ, വഴി തെറ്റാത്ത മനുഷ്യരെ സൃഷ്ടിക്കയാണ്, യോഗികളെ-സംശയങ്ങളോ വ്യാമോഹങ്ങളോ ഇല്ലാത്ത മനുഷ്യരെ- സൃഷ്ടിക്കയാണ് കലാലയത്തിന്റെ ലക്ഷ്യം. അതുകൊണ്ടാണ് വിദ്യാർത്ഥികളെ കാര്യങ്ങൾ വിദ്യാലയങ്ങളിൽ വെച്ചു പഠിപ്പിക്കുന്നത്. വളരെപ്പണ്ട്, ഒരു കാര്യവും അറിയേണ്ടാത്ത വ്യക്തികളെ കരുപ്പിടിപ്പിക്കുക എന്നതായിരുന്നു പഠനം ലക്ഷ്യമാക്കിയിരുന്നതെന്ന് ഞാൻ കരുതുന്നു. എന്നാൽ, ഇന്നത്തെ കലാലയങ്ങൾ വ്യത്യസ്തങ്ങളാണ്. എല്ലാറ്റിനെയും പഠനശാഖകളായി വെട്ടിമുറിച്ചിരിക്കയാണ്. കൂടുതൽ പഠിക്കുന്തോറും ലോകവിവരം കുറഞ്ഞു കുറഞ്ഞു വരുന്ന, ഓരോ വിഷയത്തെ പ്രത്യേകം പ്രത്യേകം പഠിക്കുന്ന സമ്പ്രദായം സൃഷ്ടിച്ചിരിക്കുന്നു. ആൾക്കാർ ഒരുതുള്ളി വെള്ളത്തെയോ ഒരു നെൽക്കതിരിനെയോ അന്വേഷണ കേന്ദ്രമാക്കുകയും തത്സംബന്ധമായ വ്യാഖ്യാനം മുന്നോട്ടു വയ്ക്കയും ചെയ്യുന്നു. അറിവിനെ ചിന്തകളാക്കി മാറ്റുന്നതാണ് ഗവേഷണം. അങ്ങനെ ഒരു നെൽച്ചെടിയിലമേൽ ഒരു പുള്ളി കണ്ടുവെന്നിരിക്കട്ടെ, ഉടനെ സസ്യരോഗവിജ്ഞാനിയൻ അതിനെ പരിശോധിക്കുന്നു; അതിൻമേൽ ഒരു കീടത്തെ കണ്ടാൽ പരിശോധന കീടവിജ്ഞാനീയക്കാരന്റേതായി; വളങ്ങളെക്കുറിച്ച് അവയുടെ വിദഗ്ധർ പഠിക്കുന്നു. വിള നടൽ (Crop cultivation) സസ്യസംരക്ഷകരുടെ മേഖലയാണ്. എല്ലാം വേറെ വേറെ മേഖലകളാക്കി മുറിച്ചുമാറ്റി പഠിക്കുന്നു. ഇവ്വിധത്തിൽ ഒരു നെൽച്ചെടിയെ അറിയാൻ കഴിയുമോ എന്നതാണ് പ്രശ്നം. പ്രകൃതിയെന്നു നാം വിശേഷിപ്പിക്കുന്ന ഈ സംഗതി എന്താണെന്നറിയുവാൻ മനുഷ്യൻ അപ്രാപ്തരാണെന്ന വസ്തുത സമ്മതിച്ചേ ഒക്കൂ.*

*യാത്രയുടെആനന്ദം*

# അവധിക്കാലം സന്തോഷം തരുന്നില്ലെന്ന്.....



ഹോളിഡേ ട്രിപ്പുകളും വിനോദയാത്രകളും ജീവിതത്തിൽ ശരിയായ സന്തോഷം പ്രദാനം ചെയ്യുന്നില്ലെന്ന് ഡച്ച് അക്കാദമിഷ്യൻമാർ അടുത്തിടെ നടത്തിയ പഠനം വെളിപ്പെടുത്തുന്നു.

ഹോളിഡേ ട്രിപ്പുകൾ നടത്തിയ സ്ത്രീ പുരുഷൻമാരിൽ നടത്തിയ അന്വേഷണത്തിൽ, അവരിൽ ഭൂരിഭാഗം പേരും അവധി കഴിഞ്ഞ് സാധാരണ ദൈനംദിന ജീവിതചര്യകളിൽ എത്തിയപ്പോൾ മുമ്പത്തേക്കാളും സന്തോഷം കുറഞ്ഞവരായാണ് കാണപ്പെട്ടത് എന്ന് തുറന്നുപറഞ്ഞു. ഹോളിഡേ കഴിഞ്ഞ് ഏറിയാൽ രണ്ടാഴ്ച മാത്രം ചെറിയ സന്തോഷം ഉണ്ടാവാറുള്ളൂ എന്നും അതിനുശേഷം പഴയപടിയാവുന്ന സ്ഥിതിയാണ് വരുന്നത് എന്നും പഠനം പറയുന്നു. ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഒലിവർ ജെയിംസ് പറയുന്നത് അവധിക്കാലം ചിലവഴിക്കുന്നവർ തങ്ങൾ വീണ്ടും ജോലിത്തിരക്കിലേക്കും ജോലിഭാരത്തിലേക്കും മടങ്ങാനാണല്ലോ ജീവിച്ചിരിക്കുന്നത് എന്ന നിരാശയിൽ അസ്വസ്ഥരാണെന്ന് നിരീക്ഷിക്കുന്നു. എന്നാൽ ഫെലിക്ക ഹൂപ്പർട്ട് എന്ന സൈക്കോളജി പ്രൊഫസർ ഈ പഠനത്തെ വിമർശിക്കുന്നു. ശരിയായ ആനന്ദം ഒരാളുടെ താല്ക്കാലിക മാനസികാവസ്ഥ നോക്കി വിലയിരുത്താനാവില്ല എന്നും ശരിയായ സന്തോഷം അതിനുമപ്പുറമുള്ള മാനസിക അവസ്ഥയാണെന്നും അദ്ദേഹം പറയുന്നു.

പാശ്ചാത്യ സമൂഹത്തിൽ നടത്തിയ പഠനങ്ങൾ നമ്മെ സംബന്ധിച്ചിടത്തോളം ശരിയാവണമെന്നില്ല എന്നാൽ വിനോദയാത്രകളും ആഘോഷങ്ങളും ആർക്കും സ്ഥായിയായ ആനന്ദം ഉണ്ടാക്കുന്നില്ല എന്നത് നമ്മുടെ സമൂഹത്തിലേയും അനുഭവമാണ്.വിനോദയാത്രയ്ക്ക് പോവുന്ന സമയത്തെ സന്തോഷമോ മാനസിക ഉണർവ്വോ തിരികെ വരുന്ന സമയത്ത് കാണാത്തതെന്ത്? ഏത് ആഘോഷയാത്രയായാലും മടക്കയാത്രയിൽ അവശരായി മൗനികളായി ആളുകൾ ചടഞ്ഞിരിക്കുന്നത് കാണാം.എന്തായാലും വിനോദയാത്രകളും,

*ഏത് ആഘോഷയാത്രയായാലും മടക്കയാത്രയിൽ അവശരായി മൗനികളായി ആളുകൾ ചടഞ്ഞിരിക്കുന്നത് കാണാം.എന്തായാലും വിനോദയാത്രകളും, അവധിയാഘോഷങ്ങളും എപ്പോഴും ആനന്ദം ഉണ്ടാക്കുന്നില്ല എന്നതാണ് സത്യം.*

അവധിയാ ഘോഷങ്ങളും എപ്പോഴും ആനന്ദം ഉണ്ടാക്കുന്നില്ല എന്നതാണ് സത്യം.

ചിലപ്പോൾ ജോലിത്തിരക്കിലും, സാധാരണ ജീവിതചര്യകളിലും ആനന്ദം കണ്ടെത്താൻ കഴിയും. ഒരു ദിവസത്തെ കഠിനമായ ജോലി കഴിഞ്ഞ് വീട്ടിലേക്ക് മടങ്ങുന്ന തൊഴിലാളിയുടെ മുഖത്ത് അനിർവ്വചനീയമായ സന്തോഷം കാണാം.

---

*ഹരിതവിചാരം*

# കരിയിലകൾ കത്തിക്കരുതേ!!!

**ജയപ്രകാശ് നിലമ്പൂർ**

കടുത്ത വേനലിൽ ജലനഷ്ടം കുറയ്ക്കാൻ മരങ്ങളെല്ലാം കൂട്ടത്തോടെ ഇല പൊഴിക്കാറുണ്ട്. ഈ കരിയിലകൾ കൂട്ടിയിട്ട് കത്തിക്കുന്നത് പലർക്കും ഒരു ഹരമാണ്. പാമ്പ് വരും എന്നൊക്കെയാണ് അതിനുള്ള കാരണമായി പറയുക. തികച്ചും അസംബന്ധമായൊരു പ്രവർത്തിയാണിത്. സൗരോർജ്ജം സംഭരിച്ച് ജൈവോർജ്ജമാക്കി മരത്തിലും ഇലകളിലും സൂക്ഷിക്കുന്ന ഹരിതസസ്യങ്ങൾ വിലമതിക്കാനാവാത്ത സേവനമാണ് ചെയ്യുന്നത്.

ഇലകൾ പുറത്തുവിടുന്ന ഓക്സിജൻ ഇല്ലാതെ നമ്മുടെ ജീവിതം തന്നെയില്ല. ഒരു ദിവസം ഒരാൾക്ക് 13.5 കിലോഗ്രാം ഓക്സിജനാണ് ആവശ്യമുള്ളത് എന്ന് കണ്ടെത്തിയിട്ടുണ്ട്. യൂറോപ്യൻ യൂണിയന്റെ കണക്കുപ്രകാരം ഒരു കിലോ ഓക്സിജന്റെ വിപണി മൂല്യം 3000 യൂറോയാണത്രേ. എന്നുവെച്ചാൽ നാം ഒരു ദിവസം ശ്വസിക്കുന്നത് 27 ലക്ഷം രൂപയുടെ ഓക്സിജൻ. തീർത്തും സൗജന്യമായി..... ഇലകൾ രണ്ടുദിവസം ഹർത്താലാചരിച്ചാൽ......!

-കരിയിലകളും ചുള്ളിക്കമ്പുകളും മണ്ണിൽ അഴുകിച്ചേർന്നാണ് കാട്ടിലെ ഫലസമ്പുഷ്ടമായ എക്കൽ മണ്ണ് രൂപം കൊള്ളുന്നത്. പല ജാതി മരങ്ങളിലൂടെ വിവിധ മൂലകങ്ങൾ ആവശ്യമായത്ര മണ്ണിലെത്തി, മണ്ണ് പോഷക സമൃദ്ധമാകുമ്പോഴാണ് ഏറ്റവും സമൃദ്ധമായ പഴങ്ങളും ഇലച്ചാർത്തും വനനിബിഢതയും കാടിന്റെ സമ്പത്തായി മാറുക. എന്നാൽ മണ്ണിനെ ഫലസമൃദ്ധമാക്കേണ്ട കരിയിലകൾ നിഷ്കരുണം കത്തിച്ചുകളയുന്നതോടെ അവയിലടങ്ങിയ ജൈവോർജ്ജം (സൂര്യപ്രകാശം) പൂർണ്ണമായും താപോർജ്ജമായും പ്രകാശോർജ്ജമായും നഷ്ടപ്പെട്ട് ചാരം മാത്രമാണ് മണ്ണിലവശേഷിക്കുക.

-മണ്ണ് കത്തുന്നതോടെ സൂക്ഷ്മജീവികളെല്ലാം പൂർണ്ണമായും നശിക്കുന്നത്

കരിയിലകൾ നിഷ്കരുണം കത്തിച്ചുകളയുന്നതോടെ അവയിലടങ്ങിയ ജൈവോർജ്ജം (സൂര്യപ്രകാശം) പൂർണ്ണമായും താപോർജ്ജമായും പ്രകാശോർജ്ജമായും നഷ്ടപ്പെട്ട് ചാരം മാത്രമാണ് മണ്ണിലവശേഷിക്കുക.

അവിടം ചെങ്കൽ വൽക്കരണത്തിനും മരുവൽക്കരണത്തിനുമാണ് ഇടയാക്കുക. സൗരോർജ്ജം സംഭരിച്ച് മണ്ണിലെത്തിക്കുന്ന കരിയിലകൾ പൂർണ്ണമായും കത്തിക്കുന്നത് വഴി മണ്ണിന്റെ വളക്കൂറ് നശിപ്പിക്കലാണെന്ന് നാം തിരിച്ചറിയണം.

-മണ്ണിന്റെ വളക്കൂറ് എന്നത് ഇലകളും ചുള്ളിക്കമ്പും സംഭരിച്ച് സൂക്ഷിച്ച് മണ്ണിലെത്തിക്കുന്ന സൗരോർജ്ജം തന്നെയാണ്.! നമ്മുടെ വളക്കൂറും ഭക്ഷണത്തിന് പിന്നിലെ ഭക്ഷണവും ഇല്ലാതാക്കുന്ന കരിയില കത്തിക്കൽ ഇനിയെങ്കിലും തിരിച്ചറിയുക.

*ചെറിയ കാര്യങ്ങൾ*

# മൂന്നു കോപ്പ വെള്ളം....

## അഥവാ ജല വിനിയോഗത്തിലെ ജാഗ്രത


എം.പി. പ്രതീഷ്

*ഇനിയുള്ള സ്നാനങ്ങൾ ഒന്നു പതുക്കെയും ലളിതവും ആക്കി നോക്കൂ- ഒരു Slow bath...ഒരുപാട് വെള്ളം കോരിയൊഴിച്ച്, ഷവറിനു താഴെ നിന്ന്, ഒരു കാക്കക്കുളി നടത്തി രക്ഷപ്പെടുന്നവർ ജലത്തെയോ ശരീരത്തെയോ അറിയുന്നുണ്ടാവില്ല..*

വെറും മൂന്ന് കോപ്പ വെള്ളം കൊണ്ട് അനുഭവിക്കാവുന്ന ആഘോഷമാണ് സ്നാനം. നമ്മുടെ തിരക്കുപിടിച്ച ലോകത്തിന്റെ വേഗതയിലും അഴുക്കിലും ആലസ്യത്തിലും നിന്ന് പുറത്തുകടക്കാനുള്ള ഒരു ജലവഴി. പുറത്തുനിന്ന് വന്ന് അൽപനേരം വെറുതെയിരുന്ന് വിയർപ്പാറിയശേഷം മാത്രം കുളിമുറിയിൽ കയറുക. കുപ്പായങ്ങളുടെയും മനോവ്യാപാരങ്ങളുടെയും കുടുക്കുകളഴിച്ച് ശരീരത്തെ തുറന്നിടുക. മൂർദ്ധാവിലൂടെ ദേഹം മുഴുവനും പരന്നൊഴുകുന്ന ആദ്യത്തെ ഒരു കോപ്പ ജലം തന്നെ ജീവനേകുന്നതറിയാനാവുമല്ലോ. അത്രമേൽ സാവധാനത്തിൽ സോപ്പോ, ചെറുപയർപൊടിയോ, താളിയോ തേച്ച് അഴുക്കിളക്കിക്കളഞ്ഞ് രണ്ടാമത്തെ കോപ്പയും സ്പർശിക്കാം. തണുപ്പുപിടിച്ച ഓരോ ജലത്തുള്ളിയേയും മുഴുവനായും അറിഞ്ഞും ആസ്വദിച്ചും നമ്മുടെ മെയ്യിലെ ഓരോ കോശവും സ്വീകരിക്കുന്നതിന്റെ ഉൻമേഷം പറഞ്ഞറിയിക്കുക പ്രയാസം തന്നെ. മൂന്നാമത്തെ കോപ്പയിലെ ജലം ഒരാർഭാടം തന്നെയാവും. അല്ലെങ്കിൽ ആഘോഷത്തിന്റെ മാറ്റു കൂട്ടാനുള്ള ഒരു അധികവിശേഷം. ഒരേസമയം സ്വന്തം ശരീരത്തെ (ആത്മാവിനെയും) യും ജലത്തെയും അറിയാനുള്ള പ്രകൃതിപാതയാണ് കുളി. മറ്റു തിരക്കുകൾക്കിടയിൽ നേരമില്ലാനേരത്ത് ചടുലമായി, ഒരുപാട് വെള്ളം കോരിയൊഴിച്ച്, ഷവറിനു താഴെ നിന്ന്, ഒരു കാക്കക്കുളി നടത്തി രക്ഷപ്പെടുന്നവർ ജലത്തെയോ ശരീരത്തെയോ അറിയുന്നുണ്ടാവില്ലല്ലോ. അതിനാലവർക്ക് ജീവിതത്തിന്റെ നിത്യേനയുള്ള അനുഭൂതിയുടെ സ്പർശവും അറിയാനാവില്ല. മാത്രവുമല്ല വെള്ളവും ഊർജ്ജവും പാഴായും പോവുന്നു. ഇനിയുള്ള സ്നാനങ്ങൾ ഒന്നു പതുക്കെയും ലളിതവും ആക്കി നോക്കൂ ഒരു Slow bath.

## കിണ്ടി ഒരു പുരാവസ്തുവല്ല..

കിണറുകളും തോടുകളും കുളങ്ങളും വർഷം നീണ്ട മഴയുമൊക്കെയായി ജലസമൃദ്ധമായിരുന്ന പഴയ കാലത്ത് പോലും മലയാളികൾ കിണ്ടി ഉപയോഗിച്ചിരുന്നു. ആവശ്യത്തിനു മാത്രം വെള്ളം പുറത്തേക്ക് തരുന്ന ഈ സവിശേഷ പാത്രം മാറിയ ജീവിതശ്രമങ്ങളുടെ ഭാഗമായി വീടുകളിൽ നിന്ന് അപ്രത്യക്ഷമാവുകയായിരുന്നു. വരേണ്യതയുടെ ചിഹ്നമായി ഓടുകിണ്ടിയും നിലവിളക്കുമെല്ലാം മാറുന്നതും 90 കൾക്ക് ശേഷമുള്ള കാഴ്ചയായിരുന്നു. അതിന്റെ രാഷ്ട്രീയം പ്രസക്തവുമാണ്. എന്നാൽ വെള്ളം ഒരു അമൂല്യവസ്തുവായിത്തീർന്ന വർത്തമാന കാലത്തിൽ 'കിണ്ടി' പോലെ ഒരു പാത്രത്തെ നമുക്ക് തള്ളിക്കളയാനാവുമോ? രാവിലത്തെ പല്ലുതേപ്പിനും ശൗചത്തിനും ഭക്ഷണശേഷമുള്ള കൈകഴുകലിനും കാലുകഴുകലിനും എല്ലാം ജലം മിതമായുപയോഗിക്കുന്ന ഈ പാത്രം മ്യൂസിയത്തിലിരിക്കേണ്ട ഒരു Antique piece മാത്രമാണോ? വരേണ്യതയുടെ 'ഭാര'മുള്ള ഓട്ടുകിണ്ടികൾക്കു പകരം നാം മുമ്പുപയോഗിച്ചിരുന്ന അലുമിനിയത്തിന്റെയോ സ്റ്റീലിന്റെയോ കിണ്ടികൾ പ്രയോജനപ്പെടുത്തുന്നതിലൂടെ എന്നും അല്പം വെള്ളമെങ്കിലും സൂക്ഷിക്കാനാവും.



## വീട്ടുകൃഷിയും വെള്ളവും

ടെറസിലും മട്ടുപ്പാവിലും അടുക്കളപ്പുറത്തുമെല്ലാം ചീരയോ വഴുതനയോ നട്ട് വെള്ളമൊഴിച്ച് കാത്തിരിക്കുന്നവരുടെ കാലമാണിത്. 'ചെറുകിട കൃഷി' ജനകീയമായ ഈ കാലത്ത് ഓരോ ചെടിക്കും നമ്മൾ നൽകുന്ന വെള്ളത്തിന്റെ അളവിനെപ്പറ്റി ശ്രദ്ധിച്ചിട്ടുണ്ടോ? പച്ചക്കറിച്ചെടികൾക്ക് നനയെടുക്കാൻ അത്രയധികമൊന്നും ജലം ആവശ്യമില്ല എന്നതാണ് യാഥാർത്ഥ്യം. പാത്രം കഴുകിയ വെള്ളം ഒരു പഴയ ബക്കറ്റിലോ മറ്റോ ശേഖരിച്ച് നനക്കാനുപയോഗിക്കാം. കുഴലറ്റത്ത് ചെറിയ സുഷിരങ്ങളുള്ള 'നനപ്പു പാത്രങ്ങൾ' (തോട്ടക്കാർ നനയ്ക്കുന്ന പാത്രം) കൊണ്ടാവുമ്പോൾ ജലസേചനം എളുപ്പമാവും. ചെറിയ ചെടികളായതിനാൽ അവയുടെ വേരുകളുടെ വളർച്ച മണ്ണിന്റെ മേൽത്തട്ടിൽ മാത്രമായിരിക്കും. നമ്മൾ പമ്പുചെയ്യുന്ന വെള്ളത്തിന്റെ നല്ലൊരു പങ്കും വേരിനേക്കാൾ താഴേക്ക് ഊർന്നിറങ്ങാറുണ്ട്. സ്പ്രേ/ഡ്രിപ് രീതിയിൽ നനയ്ക്കുന്നതുവഴി ജലം ചെടിക്കുചുറ്റും ഉപരിതലത്തെ നനവുള്ളതാക്കിത്തീർക്കുന്നു. വെള്ളം ലാഭിക്കുകയും ഈർപ്പം ഏറെനേരം നിലനിർത്തുകയും ചെയ്യാം.



*സിനിമയും ജീവിതവും*

# അമ്മ അറിയാൻ: വീണ്ടും വായിക്കേണ്ട കാവ്യപുസ്തകം

**കുരീപ്പുഴ ശ്രീകുമാർ**



ജോൺ എബ്രഹാം ഒരിക്കൽ ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഓഫീസിൽ കയറിച്ചെന്നു. കാനം ഉണ്ടോ എന്നു ചോദിച്ചു. കാനം രാജേന്ദ്രനെ കണ്ടപ്പോൾ കുറച്ചു പണം ചോദിച്ചു. എത്ര രൂപയെന്ന് തിരിച്ചുചോദിച്ചപ്പോൾ ഫിഫ്ടി-ഫിഫ്ടി എന്നായിരുന്നു മറുപടി. കാനം രാജേന്ദ്രൻ പോക്കറ്റിലുള്ള പണം മുഴുവൻ എടുത്ത് മേശപ്പുറത്തു വെയ്ക്കുന്നു. ജോൺ അത് എണ്ണി തിട്ടപ്പെടുത്തുന്നു. നേർപകുതി തുക എടുത്തിട്ട് ബാക്കി സഖാവിന് തിരിച്ചുനൽകുന്നു. ഈയിടെ പ്രകാശനം ചെയ്ത ടി.ജി. വിജയകുമാറിന്റെ 'മഴപെയ്തു തോരുമ്പോൾ' എന്ന പുസ്തകത്തിലാണ് ഈ സംഭവം രേഖപ്പെടുത്തിയിട്ടുള്ളത്. ജോൺ എബ്രഹാം എന്ന വിസ്മയത്തിന് സമൂഹത്തിലെ സമ്പന്ന വിഭാഗത്തിൽ പെടാത്തതും മറ്റെല്ലാ ശ്രേണികളിൽ പെട്ടതുമായ ആളുകളോട് ഇത്തരത്തിൽ ആധികാരികത പുലർത്തുന്ന ഒരു അടുപ്പമുണ്ടായിരുന്നു. കവി അയ്യപ്പനു മാത്രമാണ് ഇങ്ങനെ സ്നേഹത്തിനു മേൽകൈയുള്ള ആധികാരികത സൃഷ്ടിക്കാൻ പിന്നീട് കഴിഞ്ഞിട്ടുള്ളത്.

കോളേജ് അധ്യാപകർ മുതൽ തെരുവിലെ ലൈംഗിക തൊഴിലാളികളോടുവരെ കൈനീട്ടി കാശുവാങ്ങാമെന്ന ധൈര്യമാണ് 'അമ്മയറിയാൻ' എന്ന ചലച്ചിത്രമെടുക്കാൻ ജോണിനു തുണയായത്. അസംഖ്യം ജനങ്ങളുടെ വിയർപ്പിൽ ചാലിച്ച സൗന്ദര്യബോധം കൊണ്ട് ചലച്ചിത്ര കാൻവാസിൽ കവിതയെഴുതാൻ ജോണിന് കഴിഞ്ഞത് അതുകൊണ്ടാണ്.

കോളേജ് അധ്യാപകർ മുതൽ തെരുവിലെ ലൈംഗിക തൊഴിലാളികളോടുവരെ കൈനീട്ടി കാശുവാങ്ങാമെന്ന ധൈര്യമാണ് 'അമ്മയറിയാൻ' എന്ന ചലച്ചിത്രമെടുക്കാൻ ജോണിനു തുണയായത്. അസംഖ്യം ജനങ്ങളുടെ വിയർപ്പിൽ ചാലിച്ച സൗന്ദര്യബോധം കൊണ്ട് ചലച്ചിത്ര കാൻവാസിൽ കവിതയെഴുതാൻ ജോണിന് കഴിഞ്ഞത് അതുകൊണ്ടാണ്

ടിക്കറ്റിനുള്ള പണം ആദ്യം വാങ്ങുക. അങ്ങനെ കിട്ടുന്ന പണം കൊണ്ട് സിനിമ നിർമ്മിക്കുക. അതിനുശേഷം സിനിമ സൗജന്യമായി ജനങ്ങളെ കാണിക്കുക. ഇതായിരുന്നു ജോണിന്റെ ആശയം. ഇന്ന് ദിനംപ്രതി മരണപ്പെട്ടുകൊണ്ടിരിക്കുന്ന സിനിമാകൊട്ടകകളിലൂടെ മാത്രമേ ദീർഘചിത്രങ്ങൾ അക്കാലത്ത് പ്രദർശിപ്പിക്കുമായിരുന്നുള്ളൂ. 'അമ്മ അറിയാൻ' അങ്ങനെ കാണിക്കാൻ നിർവ്വാഹമില്ലായിരുന്നു. ടിക്കറ്റ് ചാർജ് ചില്ലിക്കാശുകളായി മുൻകൂർ വാങ്ങിയതിനാൽ പ്രൊജക്ടറും ചുമന്ന് ഓരോ കവലയിലുമെത്തി സിനിമ പ്രദർശിപ്പിക്കുകയായിരുന്നു ഒഡേസയുടെ പ്രവർത്തകർ. 'അമ്മ അറിയാൻ' സംഭവിക്കുന്നതിനുമുമ്പ് യാത്രാനുഭവങ്ങളുമായി ബന്ധപ്പെട്ട ചില ചലച്ചിത്രങ്ങൾ മലയാളത്തിലുണ്ടായിട്ടുണ്ട്. കൊച്ചിൻ എക്സ്പ്രസ്സ്, കണ്ണൂർ ഡീലക്സ് തുടങ്ങിയ പൈങ്കിളി സിനിമകൾ. ആ സിനിമകളിലെ ഗാനങ്ങൾ മാത്രമാണ് കാലത്തെ അതിജീവിച്ചു പുതിയ തലമുറയുടെ കാതുകളിലെത്തിയത്.



'അമ്മ അറിയാൻ'സമഗ്രതയുള്ള ഒരു ചലച്ചിത്രമായിരുന്നു. മരണം, പ്രണയം, വിശപ്പ്, സമരോത്സുകത, സൈദ്ധാന്തിക വിശകലനങ്ങൾ തുടങ്ങിയവയെല്ലാം ഈ സിനിമയിൽ ചർച്ച ചെയ്യപ്പെട്ടു. സിനിമയുടെ സാമൂഹിക പ്രതിജ്ഞാബദ്ധത കമ്മ്യൂണിസത്തിന്റെ കൈപിടിച്ചുകൊണ്ട് ഉറപ്പിച്ചു പറഞ്ഞു. ഈ സിനിമയിലെ ഒരു പ്രധാന കഥാപാത്രമായ ബാലേട്ടൻ പറഞ്ഞത് മാർക്സിസം എന്റെ ദർശനവും മദ്യം എന്റെ ഒരു ഇതും ആണെന്നാണ്. പരിമിത മദ്യപാനിയായ ബാലേട്ടന് ജനകീയ പ്രശ്നങ്ങളിലിടപെടാനോ അതിനായി ഇറങ്ങിത്തിരിക്കാനോ ഒരു ആലസ്യവും ഒരിക്കലും ഉണ്ടാകുന്നില്ല. ബാലേട്ടൻ ബോധരഹിതനായി ഒരിടത്തും കിടക്കുന്നുമില്ല.


ആയിരത്തിത്തൊള്ളായിരത്തി എഴുപതുകളിലും എൺപതുകളിലും കേരളത്തിലുണ്ടായ ചലനങ്ങളും കേരളത്തിൽ പ്രതിധ്വനിച്ച അന്താരാഷ്ട്ര പ്രശ്നങ്ങളും 'അമ്മ അറിയാനി'ൽ ചർച്ച ചെയ്യപ്പെട്ടു. "ഉണരുവിൻ പട്ടിണിയുടെ തടവുകാരെ" എന്ന അന്തർദേശീയ കമ്മ്യൂണിസ്റ്റ് ഗാനം ഈ സിനിമയിൽ ഉണർത്തപ്പെട്ടു. ദക്ഷിണാഫ്രിക്കയുടെ വിമോചനവുമായി ബന്ധപ്പെട്ട് മനുഷ്യത്വമുള്ളവരെല്ലാം ലോകവ്യാപകമായി മുഴക്കിയ 'ഫ്രീ ഫ്രീ

കവിത

# എന്റെ നാമത്തിൽ ദൈവം

വിമീഷ് മണിയൂർ

ചിത്രം-



### നടൽ

എല്ലാ ഇലകളിലും
ദൈവം ഒരു പൂവു കാണും
എല്ലാ പൂവുകളിലും ചെകുത്താൻ
ഒരു മരം നടും.

### പിന്നെയും

ഒരുപാട് പണിപ്പെട്ടാണ്
ചെകുത്താൻ രാത്രിയെ മടക്കിവെക്കുന്നത്
വെയിലൊന്നു തണുക്കുമ്പോൾ
എങ്ങനെയെങ്കിലും നനച്ച്
പിന്നെയും ആറിയിടുന്നു ദൈവം

### അരിമണി

ഒരു ദിവസം
ഒരുറുമ്പ് ദൈവത്തെ
അതിന്റെ കൂട്ടിലേക്ക് വിളിച്ചോണ്ട് പോയി
എവിടെ പൂജാമുറി?
ഉറുമ്പ്, കൊണ്ടുവെച്ച ഒരരിമണി നോക്കി ഊറിച്ചിരിച്ചു.

### ഏത് വാക്കും

ദൈവത്തേക്കാൾ മികച്ച കൃഷിക്കാരനാണ്
ഏത് ചെടിയും
ദൈവത്തേക്കാൾ
മികച്ച വിളയാണ്
ഏത് വാക്കും.

## സമയം

സതീഷ് തപസ്യ

ഓരോ ഇലയിലും കുറിച്ചിട്ടുണ്ട് അതിന്റെ
സമയം. അടർന്ന് മണ്ണിനെ ചുംബിക്കാൻ

---

നെൽസൺ മണ്ടേല' എന്ന പരിശുദ്ധ സൂക്തം സൗന്ദര്യബോധത്തോടെ ആവിഷ്കരിക്കപ്പെട്ടു.

വയനാട്ടിൽ നിന്നും ആരംഭിച്ച് മട്ടാഞ്ചേരിയിൽ അവസാനിക്കുന്ന യാത്രയാണ് അമ്മ അറിയാനിലുള്ളത്. വയനാട്ടിലെ മലഞ്ചെരുവിൽ തലയുയർത്തി നിൽക്കുന്ന ഒറ്റമരത്തിൽ കാണപ്പെട്ട ഒരു യുവാവിന്റെ തൂങ്ങിമരിച്ച നിലയിലുള്ള മൃതദേഹം കോഴിക്കോട് മെഡിക്കൽ കോളേജിലെ മോർച്ചറിയിൽ വച്ചു തിരിച്ചറിയപ്പെടുകയും മരണവിവരം മട്ടാഞ്ചേരിയിലെ അമ്മയെ അറിയിക്കുകയും ചെയ്യുന്നു. വയനാട്ടിൽ നിന്നും ഒറ്റയാളിലാരംഭിച്ച് മട്ടാഞ്ചേരിയിലെത്തുമ്പോഴേക്കും ഒരു ആൾക്കൂട്ടം തന്നെയുണ്ടാകുന്നു. സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും ആഗ്രഹിക്കുന്ന നന്മ നിറഞ്ഞ മനുഷ്യരുടെ ഒരു കൂട്ടം. പോകുന്ന വഴിയിലെ ആളുകളുടെ അനുഭവ വിവരണമാണ് ഈ ചിത്രത്തെ കാലത്തെ അടയാളപ്പെടുത്തുന്ന സാക്ഷാൽ പുസ്തകമാക്കി മാറ്റുന്നത്.

കരിഞ്ചന്തയിൽ വിറ്റ റേഷനരിയും പഞ്ചസാരയും കോട്ടപ്പുറത്തെ ജനങ്ങൾ പിടിച്ചെടുത്ത് ന്യായവിലയ്ക്ക് വിതരണം ചെയ്ത് പണം കടക്കാരന് നൽകുന്നത്, പാറമടയിലെ അപകടത്തിൽ കാലറ്റുപോയ കറുപ്പസ്വാമിക്കുവേണ്ടി ജനരോഷമുയരുന്നത്, വൈപ്പിൻ മദ്യദുരന്തത്തിൽ കാഴ്ച നഷ്ടപ്പെട്ട വർഗീസേട്ടൻ കരകൗശല വസ്തുക്കൾ നിർമ്മിച്ചു ജീവിക്കുന്നത്.... അങ്ങനെ എത്രയോ സംഭവങ്ങൾ. ചിത്രസംയോജകയായ ബീനാ പോളും ഛായാഗ്രാഹകനായ വേണുവും ഈ ചിത്രം നമ്മുടെ ശ്രദ്ധയിൽ പിടിച്ചുനിർത്താനുള്ള അവരുടെ സംഭാവനകൾ പൂർണ്ണമാക്കി.

ജോൺ എബ്രഹാമിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് എറണാകുളം ജില്ലയിലെ പൂന്തോട്ട ശ്രീനാരായണ ലൈബ്രറിയിൽ വെച്ച്, സിനിമാ സംവിധായകനായ അവിരാ റബേക്കയോടും കവികളായ മണർകാട് ശശികുമാർ, ദിലീപ് പൂന്തോട്ട, ഹരി ഏറ്റുമാനൂർ എന്നിവരോടുമൊപ്പമാണ് 'അമ്മ അറിയാൻ' അടുത്ത കാലത്ത് കണ്ടത്. ഈ സിനിമയിൽ ഇനിയും വായിക്കാൻ പാഠങ്ങളുണ്ട് എന്നു തോന്നി. കയ്യൂർ സമരത്തെക്കുറിച്ചുള്ള സിനിമയും ഇ.എം.എസിനെ കുറിച്ചുള്ള ഡോക്യുമെന്ററിയും ജോൺ എബ്രഹാമിന് എടുക്കാൻ കഴിയാതെ പോയതിൽ ദുഃഖവും തോന്നി. *(ജനയുഗം)*

*ചരിത്രം*

# ഒരു കുരുവിക്കഥ




മാവോ

## വിപ്ലവാനന്തര ചൈനയിൽ ചെയർമാൻ മാവോയുടെ നേതൃത്വത്തിൽ നടപ്പാക്കിയ 'ഒരു കുരുവിയെ കൊല്ലൂ' കാമ്പയിൻ ഓർമ്മപ്പെടുത്തുന്നത്..

ജിയോംൽ മാക്വെ യുന്ദോങ് (ഒരു കുരുവിയെ കൊല്ലൂ കാമ്പയിൻ), ദാ മാക്വെ യുന്ദോങ് (മഹത്തായ കുരുവി കാമ്പയിൻ) എന്നീ പേരുകളിലറിയപ്പെടുന്ന ഒരു മാവോയിസ്റ്റ് പദ്ധതിയുടെ വിചിത്ര ചരിത്രമുണ്ട് ആധുനിക ചൈനയ്ക്ക്. സംഗതിയിങ്ങനെ: 1958 മുതൽ 62 വരെ, വിപ്ലവാനന്തര ചൈനയിൽ ചെയർമാൻ മാവോയുടെ നേതൃത്വത്തിൽ 'മഹത്തായ കുതിച്ചുചാട്ടം' (ദ ഗ്രേറ്റ് ലീപ് ഫോർവേഡ്/ ദാ യൌ ഫിൻ) എന്ന പേരിൽ ഒരു കിടിലൻ പദ്ധതി നടപ്പാക്കിയിരുന്നു. രാജ്യത്ത് കാർഷിക, വ്യാവസായിക കുതിച്ചുചാട്ടം ലക്ഷ്യം വെച്ച് കമ്യൂണിസ്റ്റ് പാർട്ടിയും ഭരണകൂടവും ചേർന്ന് നടപ്പാക്കിയ ബൃഹത്തായ കർമ്മപരിപാടികളുടെ മൊത്തം പേരാണത്. ഈ തീവ്രയത്ന പരിപാടികളിലെ ഒരിനമായിരുന്നു 'ഒരു കുരുവിയെ കൊല്ലൂ കാമ്പയിൻ'. അതായത്, പെരുകി വരുന്ന കുഞ്ഞാറ്റക്കുരുവികൾ പാടങ്ങളിൽ വന്നുനിറഞ്ഞ് നെൽമണികൾ തിന്നുതീർക്കുന്നുവെന്ന് പാർട്ടി കണ്ടെത്തി. അതിനാൽ ധ്യാനോൽപാദനം വർദ്ധിപ്പിച്ച് വിപ്ലവ ചൈനയെ ലോകത്തിന്റെ മുൻനിരയിലെത്തിക്കാൻ 'പ്രതിവിപ്ലവകാരികളായ' ഈ കുരുവിക്കൂട്ടങ്ങളെ കൊന്നൊടുക്കുക. സർക്കാർ പദ്ധതി പ്രഖ്യാപിച്ചു. മാധ്യമങ്ങളിലൂടെ വൻപ്രചാരണം നൽകി. പാർട്ടി ലോക്കൽ കമ്മറ്റികൾ, സ്കൂളുകൾ, പ്രാദേശിക കർഷക സമിതികൾ എന്നിവയ്ക്കെല്ലാം ടാർഗറ്റ് നൽകി. കൂടുതൽ കുരുവികളെ കൊല്ലുന്നവർക്ക് സമ്മാനങ്ങൾ പ്രഖ്യാപിക്കപ്പെട്ടു. ജനങ്ങൾ ഡ്രമ്മടിച്ചു കുരുവികളെ വിരട്ടിയോടിച്ചു, കൂടുകൾ തകർത്തു, മുട്ടകൾ പൊട്ടിച്ചെറിഞ്ഞു, സ്കൂൾ കുട്ടികൾ സൗജന്യമായി കിട്ടിയ കവണകളുമായി കുരുവികൾക്കെതിരെ തിരിഞ്ഞു; അങ്ങനെ കുരുവികൾക്കെതിരായ മഹത്തായ കുതിച്ചുചാട്ടം മുന്നേറി. രാജ്യത്ത് കുഞ്ഞാറ്റക്കുരുവികൾ ഏതാണ്ട് അപ്രത്യക്ഷമായി. 1960 ൽ പാർട്ടി കമ്മിറ്റി ചേർന്ന് സ്ഥിതി വിലയിരുത്തി. രണ്ടുവർഷം കൊണ്ട് കുരുവിക്ളെ ഏതാണ്ട് കൊന്നൊടുക്കി, നെൽകൃഷിയുടെ വിസ്തൃതിയും വലിയതോതിൽ വർദ്ധിച്ചു. യന്ത്രവൽക്കരണവും ഗതിവേഗത്തിലായി. പക്ഷേ, നെല്ലുൽപാദനം മാത്രം വലിയതോതിൽ കുറഞ്ഞുപോയി. എന്തുകൊണ്ടിത്? വിഷയം പഠിക്കാൻ മാവോ ഉത്തരവിട്ടു. പഠനം വന്നു. കുഞ്ഞാറ്റക്കുരുവികൾ നെൽമണിയേക്കാൾ കൂടുതൽ, പ്രാണികളെയും കീടങ്ങളെയുമാണ് തിന്നുകൊണ്ടിരുന്നത്. കുരുവികൾ അപ്രത്യക്ഷമായപ്പോൾ കീടങ്ങൾ വർദ്ധിച്ചു. അവ ധാന്യങ്ങൾ നശിപ്പിച്ചു. തിരിച്ചുവരാൻ പാർട്ടി കൽപ്പിച്ചാൽ വരാൻ പറ്റുന്ന പാകത്തിലായിരുന്നില്ല കുരുവിക്കൂട്ടം. അവ ഏതാണ്ട് നശിച്ചുകഴിഞ്ഞിരുന്നു. പിന്നീട് ചൈനയിലുണ്ടായ രൂക്ഷമായ ക്ഷാമത്തിന്റെയും പട്ടിണിയുടെയും കാരണങ്ങളിലൊന്നായി ഈ കുരുവിക്കൊല വിലയിരുത്തപ്പെട്ടു.

നമ്മുടെ രാജ്യത്ത് നടപ്പാക്കപ്പെടാൻ പോകുന്ന നദീസംയോജന പദ്ധതിയെക്കുറിച്ച് ആലോചിച്ചപ്പോൾ ഓർമ്മയിൽ വന്ന ഒരു ചരിത്രം കുറിച്ചുവെന്നുമാത്രം. ഗംഗ, ബ്രഹ്മപുത്ര, കാവേരി തുടങ്ങിയ മഹാനദികളെയും അവയ്ക്കിടയിലെ വലിയ നദികളെയും ചെറുനദികളെയും കനാലുകൾ കീറി പരസ്പരം ബന്ധിപ്പിക്കാനുള്ള പദ്ധതിയാണ് 'ദേശീയ നദീ സംയോജന പദ്ധതി'യെന്ന പേരിൽ അറിയപ്പെടുന്നത്. 2016 ആകുമ്പോഴേക്ക് രാജ്യത്തെ 30 നദികളെ, അഞ്ച് ലക്ഷം കോടി രൂപ ചിലവഴിച്ച് ഇങ്ങനെ ബന്ധിപ്പിക്കും. അങ്ങനെ വെള്ളമില്ലാത്തിടത്തെല്ലാം വെള്ളമെത്തും; രാജ്യത്ത് വരൾച്ച നാടുനീങ്ങും; കൃഷിയുൽപാദനം വർദ്ധിക്കും, ഇതാണ് പദ്ധതി. 2002 ൽ വാജ്പേയി സർക്കാറാണ് ഇത് മുന്നോട്ടുവെച്ചത്. മൻമോഹൻ സിങ്ങിനാവട്ടെ പദ്ധതിയിൽ കലശലായ താൽപര്യമുണ്ട്. തിങ്കളാഴ്ച സുപ്രീംകോടതി, പദ്ധതിക്ക് അനുകൂലമായി വിധി നൽകിക്കൊണ്ട് പറഞ്ഞത്, പദ്ധതിക്കെതിരെ എതിർപ്പുയർത്തി സംസ്ഥാനങ്ങൾ അലമ്പുണ്ടാക്കരുതെന്നാണ്. ചുരുക്കത്തിൽ വരൾച്ചയ്ക്കെതിരെ ഒരു 'മഹത്തായ കുതിച്ചുചാട്ടം' ഉടൻ പ്രതീക്ഷിക്കാം.

**(മാധ്യമം മുഖപ്രസംഗം 2012 മാർച്ച് 1)**



*പ്രചോദനം*

# തുണി കൊണ്ടൊരു വിപ്ലവം

## *കുഞ്ഞിപ്പാവയും തുണിസഞ്ചിയുമായി ഒരാൾ നടത്തുന്ന നിശബ്ദ വിപ്ലവം....*

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജിയിൽ നിന്നു ഫാഷൻ ഡിസൈനിംഗ് പഠിച്ചിറങ്ങുന്നവർ ഡൽഹിയിലോ മുംബൈയിലോ ലോകത്തിലെ ഏതെങ്കിലും വലിയ നഗരങ്ങളിലേക്കോ ചേക്കേറി റാംപ് ഷോകളും ഗ്ലാമർ ഇവന്റുകളുമായി സജീവമാകുമ്പോൾ ഉമ തമിഴ്നാട്ടിലെ വില്ലുപുരം ജില്ലയിലെ ഈ ഗ്രാമത്തിലേക്കു പോരുകയായിരുന്നു. അവിടെ ഒരു ഫാഷൻ ഡിസൈനറിൽ നിന്നു പ്രതീക്ഷിക്കാനാവാത്ത പല വിപ്ലവങ്ങൾക്കും തുടക്കമിടുകയായിരുന്നു. ആ വിപ്ലവങ്ങളിലൊന്നിന്റെ പേര് സുനാമിക എന്നാണ്. സുനാമിയിൽ ഒലിച്ചുപോയ സ്വപ്നങ്ങളെയോർത്ത് തേങ്ങിക്കരഞ്ഞ തമിഴ് സ്ത്രീകളെ കൈ പിടിച്ചുയർത്തിയത് ഉമയും സുഹൃത്തുക്കളും സുനാമിക എന്നു പേരുള്ള ഒരു കുഞ്ഞുപാവക്കുട്ടിയുമായിരുന്നു.

"ഡൽഹിയിലോ മുംബൈയിലോ ജീവിച്ചിരുന്നെങ്കിൽ എനിക്കു വിലകൂടിയ കാറിൽ നടക്കാമായിരുന്നു. വലിയ ഫ്ളാറ്റ് സ്വന്തമാക്കാമായിരുന്നു. പക്ഷേ, ഇപ്പോൾ മനസ്സിനു ലഭിക്കുന്ന ആനന്ദം ഒരിക്കലും കിട്ടില്ലായിരുന്നു." ഓറോവില്ലിലെ സോളാർ കിച്ചൺ എന്ന കോഫീഷോപ്പിൽ വച്ചാണ് ഉമയെ കാണുന്നത്. ഉമ ഒരു കുഞ്ഞുപാവ എടുത്ത് മേശപ്പുറത്ത് വെച്ചു. ഉമ നയിക്കുന്ന ഉപാ



*പ്രതികരണം*

# ഓർമ്മയിലെ തഴപ്പാമണം

ശശിധരൻ കുണ്ടറ

**ഫെബ്രുവരി ലക്കം ലിറ്റിൽമാസികയിൽ കൈതയെക്കുറിച്ച് വായിച്ചപ്പോൾ തോന്നിയത്.**

ചിക്കുപായിൽ ഉരുണ്ടുകളിച്ച ഓർമ്മയും തഴപ്പാമണവും മെത്തപ്പായുടെ സുഖവും കാട്ടുകൈതയിൽ ഇഴപിരിഞ്ഞു കിടക്കുന്ന കാക്കപ്പൂ കൈക്കലാക്കാൻ വെളുപ്പിന് ചെന്ന് കൈനീട്ടുമ്പോൾ കണ്ട ചേനത്തണ്ടന്റെ (അണലി) ഭയവുമൊക്കെ ഒരുമിച്ച് മനസ്സിൽ എത്തിക്കാൻ ആ കുറിപ്പിനു കഴിഞ്ഞു. പഠിക്കുന്ന കാലത്തെ "കൈതേ, കൈതേരിമാക്കം കബരിയിലണിയാൻ..." എന്നുള്ള ഒറ്റശ്ലോകവും "നേരംപോയ്.. നേരംപോയ്.... പൂക്കൈത മറപറ്റി..." എന്നുള്ള നാടൻപാട്ടും പിന്നെ കൈതപ്പൂമണം പേറും എത്രയോ ഭാവഗീതങ്ങളും മിന്നിമറഞ്ഞു. എന്റെ തന്നെ ഒരു കവിത-

"മുറ്റത്തിരുന്നാൽ കാണാം എൺപതു ടവറുകൾ
കൂറ്റൻ ബഹുനിലകൾ, യന്ത്രഘോര സഞ്ചാരം
കുളം വയൽ കുളക്കോഴി പൂക്കൈതകളെവിടെ?"
(മുക്കല്ലടുപ്പ് എന്ന സമാഹാരം)
ഉൾപ്പെടെ എത്ര കാര്യങ്ങൾ!

ജയപ്രകാശ് നിലമ്പൂർ പറയും പോലെ പല ഗ്രാമപഞ്ചായത്തുകളുടെയും വികസന നേട്ടത്തിൽ പെട്ടതാണ് കൈതക്കാട് തെളിച്ച് തോടു വൃത്തിയാക്കൽ. പരസ്പര ബന്ധിതമായി, സമഗ്ര കാഴ്ചപ്പാടിൽ നീർത്തടാധിഷ്ഠിത പ്രോജക്ടുകൾ ഉണ്ടാക്കുന്ന വിദഗ്ധർ (?) തന്നെ തൊഴിലുറപ്പുകാർക്ക് കൈത വെട്ടിത്തെളിച്ച് തോടു വൃത്തിയാക്കലിനുള്ള പ്രോജക്ടും കൈതോല വെട്ടി പായ് നെയ്യുന്നതിന് സ്ത്രീകൾക്ക് പ്രത്യേക പ്രോജക്ടും ഉണ്ടാക്കുന്നു. അതിൽ കൈത നട്ടുപിടിപ്പിക്കാനുള്ള പദ്ധതിയും ഉണ്ട്! കൈതത്തഴ കൊണ്ട് കരകൗശല വസ്തുക്കൾ ഉണ്ടാക്കുന്നതിന് കുടുംബശ്രീകൾക്ക് പ്രത്യേക പരിശീലനവും ധനസഹായവും വേറെയുണ്ട്! തഴവാ പഞ്ചായത്തിലും മറ്റും പരീക്ഷിച്ചതുമാണ്.

ഞങ്ങളുടെ പഞ്ചായത്തിൽ (കുണ്ടറ) ഞെട്ടിപ്പിക്കുന്ന മറ്റൊരു വികസനം നടന്നതുകൂടി പറയട്ടെ. പാടശേഖര സമിതിക്ക് കെട്ടിടം, റോഡ്, നെല്ലും കച്ചിയും സംഭരിച്ചുണക്കാനുള്ള സ്ഥലം ഇവയൊക്കെയുണ്ടാക്കിയത് നെൽപ്പാടം നികത്തിയാണ്. ഈ പദ്ധതിയെ എതിർത്തവരെ വികസനവിരുദ്ധരാക്കി നിഷ്ക്രിയരാക്കി പുരോഗമനവാദികൾ നടപ്പിലാക്കി. വർഷങ്ങളേറെയായിട്ടും അതിന്റെ ഉദ്ഘാടനവും നടന്നില്ല, ഒരുമണി നെല്ലവിടെ ഉണക്കിയതുമില്ല. അന്നുമുതൽ അവിടെ നെൽകൃഷിയുമില്ല!

കൈതയുടെ വിനിയോഗ രീതികളിൽ കുട്ടികൾക്ക് ചിലതരം കളികളിൽ കൈതപ്പോള ഒരുപാധിയാണ്. മരച്ചീനി കൃഷിക്ക് എലിശല്യം തീർക്കാൻ ചുവട്ടിൽ കൈതമുള്ളു വെച്ച് വെട്ടിക്കൂട്ടുന്നത് കണ്ടിട്ടുണ്ട്. ഒരേസമയം വളമായും സംരക്ഷണ വലയമായും തീരുന്നു. ഇവിടൊക്കെ ബലികർമ്മത്തിന് അടുപ്പുണ്ടാക്കുന്നത് കൈതക്കുറ്റി വെട്ടിക്കുഴിച്ചു വെച്ചാണെന്നതും കൗതുകമുണ്ടാക്കുന്നു. തഴവായിലും പരിസരപ്രദേശങ്ങളിലും ചവറയിലും മറ്റും വേലിക്ക് ഇന്നും കൈത ഉപയോഗിക്കുന്നുവെന്നത് തൽക്കാലം ആശ്വാസം തരുന്നു. നാടൻപാട്ടുകളിലെ (കാർഷിക സംസ്കൃതിയുടെ വീര ചരിത്രത്തിൽ) കൈതക്കാടിന്റെ സമൃദ്ധിയിലേക്കും സുഗന്ധത്തിലേക്കും മുഴുകട്ടെ. നന്ദി. സന്തോഷം.

---

സനയെക്കുറിച്ച് ലോകം ആദ്യമറിയുന്നത് സൂനാമിക എന്ന ഈ പാവക്കുട്ടിയിലൂടെയാണ്.

തീരപ്രദേശങ്ങളിൽ സൂനാമി സൃഷ്ടിച്ച ഭീതി വളരെ വലുതാണ്. രാക്ഷസത്തിരകളുടെ നടുക്കത്തിൽ നിന്നു കരകയറാൻ മദ്യത്തിൽ അഭയം തേടി പുരുഷൻമാർ. സ്ത്രീകൾക്കു കരയാനല്ലാതെ എന്തുപറ്റും? ഞങ്ങൾ അവർക്കൊരു ജോലി കൊടുത്തു. ഒരു കുഞ്ഞിപ്പാവയെ ഉണ്ടാക്കുക. ഏഴു ഗ്രാമങ്ങളിൽ നിന്ന് 500 സ്ത്രീകൾ ഉത്സാഹത്തോടെ അതിനു മുന്നിട്ടിറങ്ങി. ക്രിയാത്മകമായ കൗൺസിലിങ്ങ് ആയിരുന്നു ഞങ്ങളുടെ ലക്ഷ്യം. പാവ ഉണ്ടാക്കുന്നതിലൂടെ അവർ മറ്റൊരു ലോകത്തെത്തി, മനസ്സിന്റെ ദുഃഖങ്ങൾ മാറി...

ആരോടും ഞങ്ങൾ പണം ചോദിച്ചില്ല. എന്നിട്ടും പലരും ഈ കൂട്ടായ്മയെ സഹായിച്ചു. അഞ്ചു ലക്ഷം സൂനാമികമാർ ആണ് സ്ത്രീകൾ ഉണ്ടാക്കിയത്. അവ 80 രാജ്യങ്ങളിലേക്കു കയറ്റി അയച്ചു. സൂനാമിക ലക്ഷ്യത്തിലെത്തിയതിന്റെ ആഹ്ളാദം ഉമയുടെ വാക്കുകളിൽ.

പോളിത്തീൻ ബാഗുകൾ ഉയർത്തുന്ന പരിസ്ഥിതി പ്രശ്നങ്ങൾക്കെതിരെ ഒരു തുണിസഞ്ചിയുമായാണ് ഉമ രംഗത്തു വരുന്നത്. "ബാത്റൂമിൽ വരെ മൊബൈൽഫോൺ കൊണ്ടുപോവാൻ നമുക്കറിയാം. എന്തുകൊണ്ട് പോവുന്നിടത്തെല്ലാം ഈ കുഞ്ഞ് തുണിസഞ്ചി കരുതിക്കൂടാ. നാടിനെ പരിസ്ഥിതി പ്രശ്നങ്ങളിൽ നിന്നും രക്ഷിക്കുകയും ചെയ്യാം. തുണിസഞ്ചി ഉണ്ടാക്കി സ്ത്രീകൾക്ക് ഉപജീവനമാർഗ്ഗവും കണ്ടെത്താം." ഉമ തന്റെ ബാഗിൽ നിന്നു മൊബൈൽ പൗച്ചിന്റെ വലുപ്പമുള്ള ഒരു സഞ്ചി എടുത്തു. അത് നിവർത്തിയപ്പോൾ അത്യാവശ്യം സാധനങ്ങൾ കൊള്ളുന്ന ഒരു വലിയ ബാഗായി മാറി.

തനിക്ക് ഇങ്ങനെ വ്യത്യസ്തമായി ചിന്തിക്കാനുള്ള ഊർജ്ജം ലഭിച്ചത് ഓറോവില്ലിൽ നിന്നാണെന്ന് ഉമ പറയുന്നു. ഉപാസന എന്ന ഡിസൈനർ സ്റ്റുഡിയോയിലൂടെ വസ്ത്രങ്ങൾ വഴി ഒരു സാമൂഹിക വിപ്ലവത്തിനു ശ്രമിക്കുന്നതിനിടയിലും ഉമ എന്ന ഡിസൈനർ സജീവമാണ്. പരമ്പരാഗത വസ്ത്രങ്ങളാണ് ഉമ കൂടുതലും അണിയിച്ചൊരുക്കുന്നത്.

15 വർഷം മുമ്പാണ് ഉമ ആദ്യമായി ഓറോവില്ലിൽ എത്തുന്നത്. ആദ്യമായി ഈ മണ്ണിൽ കാൽ ചവിട്ടിയപ്പോൾ തന്നെ ഉമയ്ക്കു അനുഭവപ്പെട്ടുവത്രേ, ഇതാണ് തന്റെ വീടെന്ന്.

പിരിയും മുമ്പ് ഉമ തന്റെ കാഴ്ചപ്പാട് വ്യക്തമാക്കി. ലളിതമായി ജീവിക്കുക. പോസിറ്റീവായി ചിന്തിക്കുക.

*(വനിത നവംബർ 2011)*

*ഓർമ്മ*

# ശിവപ്രസാദ് മാഷിനെപ്പറ്റി

**റഹ്മാൻ കിടങ്ങയം**

ശിവപ്രസാദ് മാഷിനെപ്പറ്റി എഴുതിയത് വായിച്ചു. അത് ശരിയാണെന്ന് നേരിട്ട് ബോധ്യപ്പെട്ടയാളാണ് ഈയുള്ളവനും. അത്ര സജീവമായി പരിസ്ഥിതി പ്രവർത്തനത്തിൽ പങ്കാളിയായിട്ടില്ല ഞാൻ. എന്നിട്ടും സൈലന്റ്‌വാലിയിൽ ഒരു പരിസ്ഥിതി ക്യാമ്പ് എന്നു കേട്ടപ്പോൾ പോയതാണ്. ക്ലാസു കേൾക്കുക എന്നതിന്നപ്പുറം പശ്ചിമഘട്ടത്തിന്റെ സൗന്ദര്യം ദർശിക്കുക എന്നേ ആഗ്രഹിച്ചുള്ളൂ. പക്ഷേ രാത്രി ക്ലാസെടുക്കാൻ വന്ന ശിവപ്രസാദ് മാഷ് എന്നെ അത്ഭുതപ്പെടുത്തുകയും അമ്പരപ്പിക്കുകയും ചെയ്തു. സഞ്ചരിക്കുന്ന ഒരു വിജ്ഞാനകോശം. ഏതു കാര്യത്തെക്കുറിച്ചും ഗാഢമായ അറിവ്. അത് വളരെ സരളമായ ഭാഷയിൽ പറഞ്ഞുഫലിപ്പിക്കാനുള്ള മികവ്. തനിക്കറിയാത്തത് മറ്റുള്ളവർ പറഞ്ഞാൽ അതുകൂടി തന്റെ തലച്ചോറിലേക്ക് ഫീഡ് ചെയ്തുവെക്കാനുള്ള മനസ്സ്. 'എൻമകജെ' എന്ന നോവലും കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ പ്രശ്നവും ചർച്ച ചെയ്യുന്നതിനിടെ വയനാടൻ ചെടികളുടെയിടയിൽ പടർന്നുപിടിച്ചു കൊണ്ടിരിക്കുന്ന ജനിതക രോഗമായ സിക്കിൾ സെൽ അനീമിയ അഥവാ അരിവാൾ രോഗത്തെ ആസ്പദമാക്കി ജോസ് പാഴൂക്കാരൻ എഴുതിയ 'അരിവാൾ ജീവിതം' എന്ന പുസ്തകത്തെ കുറിച്ച് ഞാൻ സൂചിപ്പിച്ചു. മാഷത് വായിച്ചിരുന്നില്ല. അപ്പോൾത്തന്നെ അദ്ദേഹം എന്നോടു ചോദിച്ച് അതിന്റെ വിശദവിവരങ്ങൾ ഡയറിയിൽ കുറിച്ചിട്ടു. അതിന്റെ പിറ്റേ ദിവസം മറ്റൊരു സംഭവമുണ്ടായി. എനിക്ക് ഒരുപാട് പൊതുവിജ്ഞാനമുണ്ടെന്ന് തെറ്റിദ്ധരിച്ച മഞ്ചേരി സബ്ജില്ലയിലെ ഒരു ടീച്ചർ എന്നെ വിളിച്ച് 'ഏഴോം ഒന്ന്' എന്താണെന്ന് ചോദിച്ചു. ഏഴോം കണ്ണൂരിലെ ഒരു സ്ഥലമാണെന്നു പറഞ്ഞപ്പോൾ ഒരു സാധനത്തിന്റെ പേരാണ് ഏഴോം ഒന്ന് എന്നും അതെന്താണെന്ന് പെട്ടെന്നൊന്ന് പറഞ്ഞുതരുമോ എന്നും ടീച്ചറുടെ ധൃതിപിടിക്കൽ. അവരുടെ മകന് ഏതാനും മണിക്കൂറുകൾക്കുള്ളിൽ പങ്കെടുക്കേണ്ട ഒരു ക്വിസ് പ്രോഗ്രാമിലേക്ക് വേണ്ടതാണത്രേ. ഞാൻ കുഴങ്ങി നിൽക്കുമ്പോഴാണ് മാഷോട് ചോദിച്ചുനോക്കാം എന്നു തോന്നിയത്. ചോദ്യം കേട്ട നിമിഷം തന്നെ വന്നു മാഷിന്റെ മറുപടി. 'ഏഴോം ഒന്ന് ഒരിനം നെൽവിത്താണ്. ഉപ്പുരസമുള്ള മണ്ണിന് അനുയോജ്യമായത്. ഏഴോം 1, 2, 3 എന്നിങ്ങനെ വിഭാഗങ്ങളുണ്ട്. കണ്ണൂർ ജില്ലയിലെ ഏഴോം എന്ന സ്ഥലത്താണ് അത് വികസിപ്പിച്ചെടുത്തത്.'

ഞങ്ങളും മൂന്ന് ദിവസം മാഷോടൊപ്പമുണ്ടായിരുന്നു. ആ മൂന്ന് ദിവസങ്ങളിലും നിറഞ്ഞ അക്ഷയപാത്രമായി മാഷ് ഞങ്ങൾക്ക് വിജ്ഞാനം പകർന്നു. ശാസ്ത്രം, ഗണിതം, ഫിലോസഫി, സാഹിത്യം, സംഗീതം, പ്രകൃതിരഹസ്യങ്ങൾ, ഋതു, ഭക്ഷണം അങ്ങനെയെന്തെന്തു കാര്യങ്ങൾ!


മാഷിന്റെ മരണവിവരം ഇതെഴുതുന്നയാളും പത്രത്തിൽ നിന്നാണ് അറിഞ്ഞത്. ഒരു പഞ്ചായത്ത് പ്രസിഡന്റ് മരിച്ചാൽ പോലും വെണ്ടക്ക നിരത്തുന്ന നമ്മുടെ പത്രമാധ്യമങ്ങളിൽ ശിവപ്രസാദ് മാഷിനെപ്പോലുള്ളവരുടെ നഷ്ടമൊക്കെ വെറും വാർത്തകൾ മാത്രമായിപ്പോവുന്നത് കഷ്ടം തന്നെ.


*ചുറ്റുവട്ടം*

## വെള്ളം കുടിപ്പിക്കുന്ന വില്ലേജ് ഓഫീസ്

**ഷിനോ ജേക്കബ് കൂറ്റനാട്**

സാധാരണ സർക്കാർ ഓഫീസിൽ ഓരോ കാര്യങ്ങൾക്ക് കയറിയിറങ്ങി സാധാരണക്കാർ വെള്ളം കുടിക്കും അല്ലെങ്കിൽ വെള്ളം കുടിപ്പിക്കും എന്ന് പറയാറുണ്ട്. എന്നാൽ പാലക്കാട് ജില്ലയിലെ നാഗശ്ശേരി വില്ലേജ് ഓഫീസിലെത്തുന്ന ജനങ്ങളെ ശരിക്കും വെള്ളം കുടിപ്പിച്ചേ അവിടുത്തെ വില്ലേജ് ഓഫീസറും ജീവനക്കാരും വിടൂ. സർട്ടിഫിക്കറ്റുകളും മറ്റും വാങ്ങാൻ എത്തുന്നവർക്ക് ഈ കൊടുംവേനലിൽ കുടിവെള്ളം നൽകുന്ന തിരക്കിലാണ് വില്ലേജ് ഓഫീസറും സഹപ്രവർത്തകരായ നദീറ, ജയപ്രകാശ്, സുധാകരൻ, അമ്മിണി എന്നിവരും.





## കാടിനെയും നാടൻ പശുവിനെയും നിലനിർത്തിയവർ

**ഷിനോ ജേക്കബ് കൂറ്റനാട്**

ഭൂമുഖം വേണമെങ്കിൽ മൂന്നിൽ ഒരു ഭാഗം കാട് ആയിരിക്കണമെന്ന് പറയാറുണ്ട്. ഇക്കാര്യം അറിയാമായിരുന്ന നമ്മുടെ പൂർവ്വികർ കൃഷിയിടങ്ങൾ വർദ്ധിച്ചപ്പോഴും ഭൂമിയുടെ കുറച്ചുഭാഗം കാടാക്കി നിലനിർത്തി. ഇതാ ഈ കാര്യത്തിൽ നല്ല ഒരു ഉദാഹരണം. കൂറ്റനാട് കോമംഗലത്ത് മങ്ങാട്ട് ഉണ്ണിയേട്ടന്റെ (ഇ.എം.ഉണ്ണികൃഷ്ണൻ) പുരയിടമാണത്. നെൽവയലും തോട്ടവുമെല്ലാമായി ആറ് ഏക്കറോളം ഭൂമിയുള്ള ഉണ്ണികൃഷ്ണന്റെ തറവാട്ട് വീട് നിൽക്കുന്ന വളപ്പിൽ വലിയൊരു ഭാഗം കാടായി നിലനിർത്തിയിരിക്കുന്നു. വലിയ വൃക്ഷങ്ങളും വള്ളിപ്പടർപ്പുകളും ഉള്ള ഇവിടം നെൽകൃഷിവേളയിൽ പച്ചില വളം ശേഖരിക്കുന്നതിനായി വർഷങ്ങളോളമായി സംരക്ഷിക്കപ്പെട്ടിരുന്നു. കൂടാതെ നാടൻ പശു സംരക്ഷണത്തിന്റെ ഭാഗമായി മാങ്ങാട്ട് ഉണ്ണിയേട്ടൻ വെച്ചൂർ പശുവിനെയും വളർത്തുന്നുണ്ട്.


**–ഉണ്ണികൃഷ്ണന്റെ മൊബൈൽ നമ്പർ: 9846202711**

ജീവിതത്തിന്റെ



ലളിതപാഠങ്ങൾ

അക്കു



# മനസ്സിൽ പണിയുന്ന വീടുകൾ..

*"നാം ഒരു പുര പണിയുമ്പോൾ*
*പുര നമ്മെയും പണിയുന്നു"*

വീടുനിർമ്മാണത്തെക്കുറിച്ച് വലിയ ധാരണകളോ സ്വപ്നങ്ങളോ ഒന്നുമുണ്ടാവാത്ത നാളുകളിൽ തന്നെയാണ് ഒരു വീട് ഉണ്ടാക്കുന്നതിനെ കുറിച്ച് ആലോചിച്ചു തുടങ്ങിയത്. കോളേജ് വിദ്യാഭ്യാസ കാലത്ത് വീടിന്റെ കോലായയുടെ മൂലയിൽ പുസ്തക ഷെൽഫ് വിലങ്ങനെ വെച്ച് ഉണ്ടാക്കിയെടുത്ത എന്റെയൊരിടം (മുറിയെന്നതിനെ വിളിച്ചുകൂടാ. 'തമ്പ്' എന്ന് ഞാനതിന് പേരിട്ടിരുന്നു.) ഉണ്ടായിരുന്നു. അതുപോലെ സുഖവും ശാന്തിയും ആനന്ദവും നിറയെ കിട്ടാനിടയുള്ള ഒരു കുഞ്ഞുവീട്. ലാറി ബേക്കർ എന്ന മഹാനായ മനുഷ്യനെക്കുറിച്ച് വായിച്ചും കേട്ടും പരിചയമുള്ളതുകൊണ്ട് പ്രകൃതിയോടിണങ്ങുന്ന രീതിയിൽ നിർമ്മിച്ച അദ്ദേഹത്തിന്റെ വീടുകളോട് ഇഷ്ടം തോന്നിയിരുന്നു. അത്തരം വീടുകളെ കുറിച്ചുള്ള പത്ര സപ്ലിമെന്റുകൾ ഞാൻ ശേഖരിച്ചിരുന്നു. അതൊക്കെ വായിച്ച ധാരണ വെച്ച് ഞാനും മനസ്സിൽ ഒരു വീടു പണിതു.

കടം വരുത്തിവെച്ച് അസ്വസ്ഥത നിറഞ്ഞ, പിടിയിലൊതുങ്ങാത്ത വീടു പണിയുന്നതിനേക്കാൾ സ്വാസ്ഥ്യം നഷ്ടപ്പെടുത്താത്ത ഒരു കുഞ്ഞുവീട് മതിയെന്നായിരുന്നു. എന്റെ കാഴ്ചപ്പാട്. അതിനകത്തെ ജീവിതത്തിന്റെ വലുപ്പമാണ് പ്രധാനം എന്നു ഞാൻ വിശ്വസിക്കുന്നു.

എഞ്ചിനീയറായ സുഹൃത്ത് ഐഡിയൽ അഷ്റഫ് നിർമ്മാണ സാമഗ്രികളുടെ ധൂർത്ത് പരമാവധി കുറച്ചുകൊണ്ട് എന്റെ 'ഹൈക്കു' പണിതുതരികയും ചെയ്തു. ഏഴു വർഷം മുമ്പ് രണ്ടു ലക്ഷം കൊണ്ട് എല്ലാ പണിയും പൂർത്തീകരിച്ച ഞങ്ങളുടെ ഭവനം. ലിറ്റിൽ മാസികയുടെ പഴയ ലക്കങ്ങളിലൊന്നിൽ ബിജു ജോൺ 'ഹൈക്കു'വിനെ കുറിച്ച് എഴുതിയിരുന്നു. ഇത്തരം വീടുകൾ ഇഷ്ടപ്പെടുന്ന ഒരുപാട് കൂട്ടുകാരുണ്ടായിരുന്നതുകൊണ്ടാവാം അവർ വഴി ഈ വീടിനെക്കുറിച്ച് കേട്ടറിഞ്ഞ് നിരവധി പേർ വീടുകാണാൻ വന്നിട്ടുണ്ട്. മിക്കവർക്കും നിർമ്മാണരീതി ഇഷ്ടമായി - ചിലർക്ക് മുറികൾ തീരെ ചെറുതായിപ്പോയെന്ന് പരാതി. എല്ലാവരോടും ഞാൻ വീടുനിർമ്മാണ കാര്യത്തിൽ അവശ്യം ഉണ്ടായിരിക്കേണ്ട ദർശനപരമായ വസ്തുതകൾ പങ്കുവെച്ചിരുന്നു. ഈ വീടുവഴി എഞ്ചിനീയർ അഷ്റഫിനെ കാണാനെത്തിയവരും കുറച്ചുപേരുണ്ടായിരുന്നു.

ഇങ്ങനെ വന്നവരിൽ എന്റെ ഹൃദയത്തിൽ പതിഞ്ഞുപോയ ഒരു ചെറുപ്പക്കാരനുണ്ട്. കോഴിക്കോട്ടെ എന്റെയൊരു സുഹൃത്ത് ആണ് തന്റെ സഹപ്രവർത്തകന് ചിലവ് കുറഞ്ഞ ഒരു വീട് നിർമ്മിക്കണമെന്നും നിങ്ങളുടെ വീട് കാണാൻ വരുന്നുണ്ടെന്നും പറഞ്ഞത്. രണ്ടുപേരും കൂടി വീട്ടിലെത്തി. വീട് വിശദമായി കണ്ടു. ഞങ്ങളിരുന്ന് കുറേ നേരം സംസാരിച്ചു. തുച്ഛമായ വരുമാനമുള്ള ഒരു തൊഴിൽ ചെയ്തുകൊണ്ടിരിക്കുന്ന ഈ ചെറുപ്പക്കാരൻ അവിവാഹിതനായിരുന്നു. വീട്ടിൽ അച്ഛനും അമ്മയും വിവാഹപ്രായമെത്തിയ അനിയത്തിയും പിന്നെയൊരു അനിയനുമുണ്ട്. മുമ്പ് പോർട്ടർ ആയി ജോലി ചെയ്തിരുന്ന അച്ഛൻ ഇപ്പോൾ ശാരീരിക അവശതയിലാണ്.

അഞ്ചര സെന്റ് ഭൂമിയിൽ ഇപ്പോൾ താമസിക്കുന്ന വീട് ഒറ്റ മുറിയും അടുക്കളയുമുള്ള ദ്രവിച്ച് വീഴാറായ പഴയൊരു വീടാണ്. പെങ്ങളെ കെട്ടിക്കണം, തനിക്കും വിവാഹം കഴിക്കണം. ഒറ്റമുറിയുള്ള ഈ വീട്ടിലേക്ക് വിവാഹം കഴിച്ചൊരു പെണ്ണിനെ കൂടി എങ്ങനെ കൊണ്ടുവരും? അതുകൊണ്ട് വിവാഹം കഴിക്കാതെയിരിക്കുന്നു. പഴയ വീട് പൊളിച്ച് കീശയ്ക്കൊതുങ്ങുന്ന വീട് പണിയണം. വീടിനെക്കുറിച്ച് മനസ്സിൽ കമനീയ ശില്പം പോലെയുള്ള ഭാവനാചിത്രം ഉണ്ടെങ്കിലും അതെല്ലാം മാറ്റിനിർത്തി 'കേറി കിടക്കാൻ ഒരു കൂര'യെന്ന മിനിമം ആവശ്യത്തെക്കുറിച്ച് മാത്രമാണ് താൻ ആലോചിക്കുന്നതെന്ന് ചെറുപ്പക്കാരൻ പറഞ്ഞു. അയാളുടെ വരുമാനപരിധിക്കകത്തു നിന്നുകൊണ്ട് എടുക്കാവുന്ന ലോണിന്റെ 'വലുപ്പ'ത്തെക്കുറിച്ചും പറഞ്ഞു.

'ഹൈക്കു' കണ്ടപ്പോൾ തന്റെ സ്വപ്നം കൈപ്പിടിയിൽ ഒതുങ്ങുമെന്നു അയാൾക്ക് തോന്നിയിരിക്കണം. എഞ്ചിനീയർ അഷ്റഫിനെക്കൂടി കണ്ട് സംസാരിച്ച് തീരുമാനിക്കാമെന്നു പറഞ്ഞു. ഞങ്ങൾ അഷ്റഫിന്റെ ഓഫീസിലെത്തി. കാര്യങ്ങൾ സംസാരിച്ച് അയാൾ പറഞ്ഞ തരത്തിലുള്ള വീടിന് ഇപ്പോൾ വേണ്ടിവരുന്ന ചിലവിനെക്കുറിച്ച് കണക്കുകൂട്ടി അഷ്റഫ് സൂചിപ്പിച്ച ആ നിമിഷം! ഞാനാ ചെറുപ്പക്കാരന്റെ മുഖത്തേക്ക് നോക്കി. അയാളുടെ ബജറ്റിനപ്പുറത്തുള്ള വലിയൊരു എസ്റ്റിമേറ്റ് തുകയായിരിക്കണം അത്. അതുകേട്ട മാത്രയിൽ ആ ചെറുപ്പക്കാരന്റെ മനസ്സിൽ ഒരു വീടിന്റെ സ്വപ്നം പൊട്ടിത്തകരുന്നത് ഞാനാ മുഖത്ത് കണ്ടു. പരമാവധി കുറവു ചെയ്യാൻ ആവുന്നത്ര സഹായിക്കാം എന്ന് അയാളെ ആശ്വസിപ്പിക്കുന്ന തരത്തിൽ അഷ്റഫ് പറഞ്ഞു.

അവർ യാത്ര പറഞ്ഞുപോയി.

"മക്കൾ വലുതായി, ആകെയുള്ള രണ്ടു കിടപ്പുമുറിയുള്ളത് പോരാതെയായി. ലോൺ അടച്ചുതീർന്നല്ലോ. നമുക്കിനി വീടിന് മുകൾനില പണിയേണ്ടേ?" എന്ന് ഇടയ്ക്ക് ഭാര്യ ഓർമ്മിപ്പിക്കുമ്പോൾ എനിക്ക് വീട് കാണാൻ വന്ന കോഴിക്കോട്ടെ ആ ചെറുപ്പക്കാരന്റെ മുഖം ഓർമ്മവരുന്നു. മനസ്സിൽ ചില ചോദ്യങ്ങൾ അലട്ടുന്നു. ആ ചെറുപ്പക്കാരൻ ഇപ്പോൾ വിവാഹിതനായിക്കാണുമോ? അയാളുടെ പെങ്ങളെ കെട്ടിച്ചയച്ചിരിക്കുമോ? അയാൾ ഒരു വീട് പണിതു കാണുമോ?

*ടെലിവിഷൻ*

# ബലാബലം

**സുകേതു**

ഗോർക്കിയുടെ 'അമ്മ' ഒന്നുകൂടി വായിച്ചു. കൃത്യം ഒരുമാസം വേണ്ടിവന്നു അത് തീരാൻ. 24 മണിക്കൂറും ടി.വി. കലപില കൂട്ടുന്നതിന്റെ ഇടയിലിരുന്ന് ഒരു പുസ്തകം വായിച്ചുതീർക്കുക എന്നത് അതിസാഹസികമാണ്.

ഞാൻ: കണ്ടതുതന്നെ പിന്നേം പിന്നേം കാണുമ്പം മട്ക്ക്ന്നില്ലേ മക്കളേ...?
മക്കൾ: വായിച്ചത് തന്നെ പിന്നേം പിന്നേം വായിക്കുമ്പം അച്ഛന് മട്പ്പില്ലേ...?
ആയതുകൊണ്ട് ഞാനിപ്പോ ഒന്നും ചോദിക്കാറില്ല. പറയാറുമില്ല.

കുറച്ച് കൊല്ലം മുമ്പ് വരെ, മുറ്റത്തെ ചെടികൾക്ക് ഓസ് പിടിച്ച് വെള്ളം നനയ്ക്കുന്ന വീട്ടമ്മമാരുണ്ടായിരുന്നു. വീടിന്റെ ചുറ്റുവട്ടം ആഴ്ചയിലൊരിക്കലെങ്കിലും അടിച്ചുവാരി കുപ്പ കൂട്ടി കത്തിക്കുമായിരുന്നു. ജനലും വാതിലും ഗ്രിൽസും ഫാനുമൊക്കെ തുടക്കാറുണ്ടായിരുന്നു. ഫർണിച്ചറുകളുടെ അടിഭാഗത്ത് ചൂലെത്താറുണ്ടോ? എന്തിന്, കണ്ടുകൊണ്ടേയിരിക്കുന്ന ടി.വി സ്റ്റാന്റില്ലേ- അതൊന്ന് ലേശം നീക്കിനോക്ക്യേ.. എന്റമ്മോ! എന്തായിത്?

മതി. എത്ര പറഞ്ഞിട്ടും പ്രയോജനമില്ലാത്തത് പറഞ്ഞ് പറഞ്ഞ് ഞാനെന്തിന് നേരം കളയണം? ഇതാ എസ്കെയുടെ വിഷകന്യക മേശപ്പുറത്ത്. ഏതായാലും അടുത്ത വായന അതാകട്ടെ. ഒരു പൊറ്റക്കാടൻ വായന. ഞാൻ പുസ്തകം തുറന്നു. ദേ.. കണ്ടോ.. കരുതിക്കൂട്ടിയെന്ന പോലെ മക്കൾ ടി.വിയും തുറന്നു.
'നിർത്തെടാ, ഒടുക്കത്തെ ടി.വി!' ഞാനലറി
'അച്ഛനും നിർത്ത്, ഒടുക്കത്തെയൊരു വായന!'
കെട്ട്യോളും മക്കളും ഒറ്റക്കെട്ടായ് പൊട്ടിത്തെറിച്ചു.

*ക്യാമ്പയിൻ*

**ടെലിവിഷൻ അൽപനേരം നിർത്തിവെക്കൂ**

**അൽപം സ്വാസ്ഥ്യം, ശാന്തത, നിശ്ശബ്ദത ഒന്നാസ്വദിക്കൂ...**

**നിങ്ങൾക്കും പ്രതികരിക്കാം.....**

---

*ടെലിവിഷൻ*

# ആഴ്ചയിൽ ഒരു മണിക്കൂർ മാത്രം ടി.വി

**പ്രമോദ് ഇരുമ്പുഴി**

*ടി.വിക്കു മുമ്പിലിരിക്കുന്ന സമയം സൊറ പറയാനും വായിക്കാനും എഴുതാനുമായി ഉപയോഗിക്കുന്നതിനെക്കുറിച്ച്...*

റായ്ബറേലിയിലെ അധ്യാപന ജോലി രാജി വെച്ച് നാട്ടിലെത്തിയ ആഗസ്റ്റ് മാസത്തിനും ഹയർ സെക്കന്ററി അധ്യാപകനായി താനൂരിൽ ജോയിൻ ചെയ്ത ഡിസംബർ മാസത്തിനും ഇടയിലുള്ള കാലത്താണ് ടെലിവിഷൻ എന്നെ വല്ലാതെ പിടികൂടിയത്. ജോലിയില്ല എന്ന എന്നിലെ അപകർഷതാബോധവും രോഗിയായ അമ്മയ്ക്ക് ശക്തി പകർന്നുകൊണ്ട് കൂടെയിരിക്കുക എന്ന തോന്നലും കാരണം പുറത്തുപോകാൻ തന്നെ മടിയായി. മനസ്സിന് കരുത്ത് പകരേണ്ടുന്ന വായന പോലും തുടരാൻ തോന്നാത്തകാലം കൈരളിയും ഡിഡി മലയാളവും മാറി മാറി കാണുന്നു. ഉച്ചയ്ക്കുള്ള മയക്കവും ഭക്ഷണം കഴിക്കാനുള്ള നേരവും ഒഴിവാക്കിയാൽ രാവിലെ എട്ടുമണി മുതൽ രാത്രി ഒമ്പതുമണി വരെയും ടി.വി കാണൽ തന്നെ പരിപാടി (ചിലപ്പോൾ സമയം അതിലും നീളും). സീരിയലിനോട് എന്തു ഭ്രമമായിരുന്നെന്നോ? ഉമ്മൻചാണ്ടിക്കെതിരെ അച്യുതാനന്ദൻ അടുത്ത വേദിയിൽ എന്താണ് പറയുക, സ്ത്രീപീഡനത്തിനിരയായ പെൺകുട്ടിയുടെ പുതിയ വെളിപ്പെടുത്തലുകൾ എന്തായിരിക്കും തുടങ്ങിയ വിഷയങ്ങളിലെല്ലാം എന്തൊരു ആകാംക്ഷയും ബേജാറുമായിരുന്നെന്നോ? ഫുൾടൈം ടി.വിയുടെ മുമ്പിലിരിക്കുന്ന ചെറിയമ്മയെ മുമ്പ് ഞാൻ കളിയാക്കിയിരുന്നു. അമ്മയെക്കാണാൻ അവർ വീട്ടിൽ വന്നപ്പോഴെല്ലാം എന്നെ കളിയാക്കി. മടുപ്പ് തോന്നിയെങ്കിലും എന്നിട്ടും ടി.വി ഭ്രമം കുറഞ്ഞില്ല.

ജോലി കിട്ടി തിരൂരിൽ താമസം തുടങ്ങിയപ്പോൾ ആദ്യം തീരുമാനിച്ചത് ആ വീട്ടിൽ ടി.വി വാങ്ങില്ല എന്നാണ്. ടെലിവിഷൻ കണ്ടിരുന്ന സമയം വായനയും സാംസ്കാരിക പരിപാടികളിൽ പങ്കെടുക്കാനും തീരുമാനിച്ചു. സ്റ്റാഫ് റൂമിൽ അധ്യാപകർ റിയാലിറ്റി ഷോയിലെ പാട്ടുകാരുടെ പേരുകളും ജഡ്ജുമാരുടെ മാനറിസങ്ങളും ചർച്ച ചെയ്തപ്പോൾ കുറച്ച് ഏകാന്തത അനുഭവിച്ച പോലെ തോന്നി. വായനയെക്കുറിച്ചും എഴുത്തിനെ കുറിച്ചും യാത്രാനുഭവങ്ങളെക്കുറിച്ചും സംസാരിക്കുമ്പോൾ കൂടുതൽ വാചാലനായി. കൗമാരകാലത്ത് ക്രിക്കറ്റ് കാണാനായിരുന്നു ടി.വി കൂടുതൽ കണ്ടിരുന്നതെങ്കിൽ, കോഴവിവാദം ക്രിക്കറ്റ് എന്ന കളിയോടു തന്നെ മടുപ്പുളവാക്കി. ഇപ്പോൾ ആഴ്ചയിൽ ഒരു മണിക്കൂർ പോലും ടി.വി കാണാത്ത വ്യക്തിയായി മാറിയിരിക്കുന്നു. ഭാര്യയ്ക്ക് ആദ്യമേ തന്നെ ടി.വിയോട് ഭ്രമമില്ലാത്തത് നന്നായി. മറ്റു കുടുംബങ്ങൾ ടി.വിക്കു മുമ്പിലിരിക്കുന്ന സമയം ഞങ്ങൾ സൊറ പറയാനും വായിക്കാനും എഴുതാനുമാണ് ഉപയോഗിക്കുന്നത് എന്ന് ലോകരെ അറിയിക്കുന്നതിൽ സന്തോഷമേയുള്ളൂ. പി.പി. രാമചന്ദ്രന്റെ കവിത ഓർമ്മ വരുന്നു-
വി.ടി സ്ത്രീകളെ/അടുക്കളയിൽ നിന്നും അരങ്ങിലെത്തിച്ചു./ടി.വി സ്ത്രീകളെ/അരങ്ങിൽ നിന്നും അടുക്കളയിലെത്തിച്ചു.

## വഴിയും വരയും-1

# സുബൈദ

**ശശി മേമ്മുറി**

കാസർകോട്ടേയ്ക്കുള്ള യാത്രയിൽ നീലേശ്വരം കടന്നുപോകുമ്പോൾ എഴുത്തുകാരൻ സുബൈദയെ ഓർമ്മവരും.
3 വർഷങ്ങൾക്കുമുമ്പ് കണ്ണൂരിൽ ഇ എം ഹാഷിമിന്റെ വീട്ടിൽവെച്ചാണ് ആദ്യപരിചയം. കാലത്തോടൊപ്പം ഒഴുകുവാൻ മറന്ന ജീവിതമായിരുന്നു തന്റേതെന്ന് സുബൈദ. എന്നാൽ എഴുത്തിന്റെ കലപ്പയിൽ കാലത്തെ ഉഴുതുമറിക്കുന്ന സുബൈദയെ നമ്മൾ വായിക്കുന്നു. മലബാറിൽ നിന്നും മണലാരണ്യത്തിലേക്കു അലഞ്ഞു വീണ എയ്ത്തു നക്ഷത്രം കത്തുപിടിച്ച ജീവിതം കരുതി വെച്ചതു മണൽ പൊള്ളുന്ന അക്ഷരങ്ങളെ. മലയാളത്തിൽ ഏറെ ശ്രദ്ധിക്കപ്പെടാൻ പോകുന്ന ഇദ്ദേഹത്തിന്റെ 2 പുസ്തകങ്ങൾ നഗ്നശരീരം (അനുഭലം), അലാമി (നോവൽ)കാരമടയിൽ നിത്യാഞ്ജലിയിൽ ഇരുന്നു വായിച്ചു . ഈ പുസ്തകങ്ങൾക്കായി ചിത്രങ്ങൾ വരച്ചു. പുസ്തകരൂപകല്പനയും പുറംചട്ടയും തയ്യാറാക്കി. ഇതു എന്റെ വിശേഷഭാഗ്യമായി ഞാൻ കരുതുന്നു.
സന്തോഷം സുബൈദയെ അറിയിച്ചിട്ടില്ല.



വര- ശശി മേമ്മുറി

---

# മാലിന്യത്തെ ബാബുനേരിടുന്ന വിധം

**പി.എം.ബാലകൃഷ്ണൻ**

*അലക്ഷ്യമായി വലിച്ചെറിയുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉണ്ടാക്കുന്ന വിപത്തിന് കണ്ണൂരിൽ മുഴുപ്പിലങ്ങാട്ടുള്ള സ്റ്റാർ പോളിമേർസ് പരിഹാരം കാണുകയാണ്.*

2003 ലാണ് മച്ചേരി സ്വദേശി സി.കെ. ബാബു പ്ലാസ്റ്റിക് മാലിന്യസംസ്കരണശാല ആരംഭിച്ചത്. ആക്രി പെറുക്കുന്നവരിൽ നിന്നാണ് ആദ്യകാലത്ത് പ്ലാസ്റ്റിക് മാലിന്യം ശേഖരിച്ചത്. പിന്നീട് കടമ്പൂർ ഗ്രാമപഞ്ചായത്തിലെ കുടുംബശ്രീ പ്രവർത്തകർ പ്ലാസ്റ്റിക് ശേഖരണം ഏറ്റെടുത്തു. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ പ്ലാന്റിൽ എത്തിച്ചു തരംതിരിക്കുകയാണ് ആദ്യ നടപടി. ലോഹാവരണമുള്ള പ്ലാസ്റ്റിക് കവറുകൾ (ഉദാഹരണം: പാൻപരാഗ്, ലേസ് തുടങ്ങിയ കവറുകൾ) ഒഴിവാക്കും. അത്തരത്തിലുള്ളത് സംസ്കരിച്ചെടുക്കാനുള്ള സംവിധാനം നിലവിൽ ഇല്ല. പ്ലാസ്റ്റിക് കുപ്പികൾ തമിഴ്നാട്ടിൽ സംസ്കരിച്ചു വരുന്നതിനാൽ അങ്ങോട്ടയക്കുന്നു. പ്ലാസ്റ്റിക് വസ്തുക്കൾ പ്രത്യേക യന്ത്രത്തിൽ ഇട്ടു അരച്ചു കുഴമ്പുരൂപത്തിൽ ആക്കുന്നു. കട്ടകളാക്കി വീണ്ടും യന്ത്രത്തിൽ ഇട്ടു നുറുക്കി ഗ്രാന്യുൾ പരുവമാക്കും. ഇതാണ് പുനർനിർമ്മാണത്തിനുള്ള അസംസ്കൃത വസ്തു. അത്തരം വസ്തു തമിഴ്നാട്ടിലെ പൈപ്പ്, സ്വിച്ച്ബോർഡ് നിർമ്മാണ ഫാക്ടറിക്ക് വിൽക്കുന്നു. ദിവസം 300 കിലോ പ്ലാസ്റ്റിക് സംസ്കരണം ഇവിടെ നടത്തുന്നുണ്ട്.

ഉപയോഗം കഴിഞ്ഞ് വലിച്ചെറിയുന്ന സംസ്കാരം തുടരവെ തന്നെയാണ് പ്രകൃതിയുടെ സന്തുലിതാവസ്ഥ തകർക്കുന്നതിന് എങ്ങനെ പരിഹാരം കാണാം എന്ന് ബാബു ചിന്തിക്കാൻ തുടങ്ങിയത്. മുഴുപ്പിലങ്ങാട് കുളം ബസാറിൽ യു.ടി.സി കോമ്പൗണ്ടിൽ 2000 സ്ക്വയർ ഫീറ്റ് സ്ഥലത്താണ് ഗോഡൗൺ ഉൾപ്പെടെയുള്ള യൂണിറ്റ് പ്രവർത്തിക്കുന്നത്. എക്സ്ക്രൂഡർ, ഗ്രൈൻഡർ, മിക്സർ, പെല്ലറ്റൈസർ എന്നീ ഉപകരണങ്ങളാണ് യൂണിറ്റിൽ ഉള്ളത്. സ്വന്തം നാട്ടിൽ ചെറിയ യൂണിറ്റ് സ്ഥാപിച്ചുകൊണ്ടു തുടങ്ങിയ ഈ സംരംഭം ഇന്ന് മാലിന്യവിരുദ്ധ സമരത്തിന് മാതൃകയാക്കാവുന്നതാണ്. കണ്ണൂർ ജില്ലയിലെ ചെമ്പിലോട് ഗ്രാമപഞ്ചായത്ത് ഈ രീതി സ്വീകരിക്കാൻ തയ്യാറായിരിക്കുന്നു. പ്രകൃതി ജീവനസമിതിയുടെ സഹായത്തോടുകൂടിയാണ് സംരംഭം നടക്കുന്നത്. ബേക്കൽ ടൂറിസം മാലിന്യസംസ്കരണ പദ്ധതിയും ഒറ്റപ്പാലം മുനിസിപ്പാലിറ്റിയും ബാബുവിന്റെ സഹായം തേടിയിരിക്കുകയാണ്. സ്കൂളുകൾ, കോളേജുകൾ, കുടുംബശ്രീ-ജനശ്രീ കൂട്ടായ്മകൾ എന്നിവയിലേക്ക് ബാബുവിന്റെ സന്ദേശം എത്തിച്ചുവെങ്കിലും ആ നിലയിൽ വേണ്ടത്ര മുന്നേറ്റം ഉണ്ടായില്ല. കേരളത്തെ മാലിന്യമുക്തമാക്കാൻ പല പദ്ധതികളുമായി പലരും മുന്നോട്ടുവരുമ്പോൾ വേണ്ടത്ര ശ്രദ്ധ ബാബുവിന്റേതു പോലുള്ള മുൻകൈകൾക്ക് ലഭിക്കുന്നില്ല എന്നത് ഖേദകരമാണ്.

*(പാഠഭേദം മാസിക മാർച്ച് 2012)*




*റേഡിയോ വേണോ..?*

*നല്ല റേഡിയോ കിട്ടുന്നില്ല എന്നാണ് പൊതുവെ പരാതി. എല്ലായിടത്തും ലഭ്യമായ ചൈനാ സെറ്റുകൾക്കാണെങ്കിൽ നിലവാരംഇല്ല.റേഡിയോ നിർമ്മാണത്തിൽ നിന്നും മിക്ക കമ്പനികളും പിൻമാറിയിട്ടുമുണ്ട്.*
*മികച്ച ഇന്ത്യൻനിർമ്മിത റേഡിയോ അയച്ചു തരാം... പാഴ്സൽ ചിലവ് ഉൾപ്പടെ 500 രുപ അയച്ചാൽ മതി.*

*09946428284*

വായന

# പച്ച മറ്റൊരു നിറമല്ല

എം.പി. പ്രതീഷ്



*അനേകവർഷങ്ങൾ കഴിഞ്ഞും ഒരു പഴയ/ചെറിയ പുസ്തകം പ്രസക്തമാവുന്നതിനെക്കുറിച്ച്....*

ഒരു പഴയ പുസ്തകത്തിന്റെ പേരാണത്. ഇറങ്ങി, വിപണിയിൽ നിന്ന് അപ്രത്യക്ഷമായിക്കഴിഞ്ഞ് പത്തുവർഷത്തിനു ശേഷം എന്റെ കണ്ണിൽപെട്ട ഒരു ചെറിയ പുസ്തകം. പഠനകാലത്ത് ഒരു പെൺകുട്ടി എഴുതിക്കൊണ്ടിരുന്ന പരിസ്ഥിതി സംബന്ധിയായ കുറിപ്പുകളുടെ ഒരു കൂട്ടിക്കെട്ട്. ലളിതമായും ഭംഗിയായും നിർമ്മിച്ച, എഴുതിയ പുസ്തകം ആവേശത്തോടെ വായിച്ചുകഴിഞ്ഞപ്പോൾ ഞാനാലോചിച്ചത് എന്തുകൊണ്ട്, അനേകവർഷങ്ങൾ കഴിഞ്ഞ്, ഈ കാലത്ത്, 2012 ൽ പോലും ഒരു പഴയ/ചെറിയ പുസ്തകം എനിക്കു മുമ്പിൽ പ്രസക്തമായിത്തീരുന്നു എന്നാണ്. എന്തുകൊണ്ട് അങ്ങനെയൊരു പേര്? എന്തുകൊണ്ട് ഒരു കോപ്പിയെങ്കിലും പുസ്തകശാലയിൽ, പുതിയവക്കിടയിൽ പൊടിമൂടി എന്നെക്കാത്തിരുന്നു? മരങ്ങൾ, മണ്ണ്, മാലിന്യം, പ്ലാസ്റ്റിക്, കൃഷി, കാലാവസ്ഥ, കടലാസ് തുടങ്ങി വിവിധ വിഷയങ്ങളിൽ അനിവാര്യമായ ചിന്തകളാണ്, അതിന്റെ തെളിച്ചമാണ്, ഈ എഴുത്തിലെല്ലാം. ഒപ്പം സിയാറ്റിൽ മൂപ്പന്റെ വിഖ്യാതമായ ആ സംഭാഷണവും. ഓരോ ദിവസവും കഴിയുമ്പോൾ ലളിതവും ജൈവവുമായ മനുഷ്യജീവിതം അസാധ്യമാവുന്ന ഈ കാലത്ത് ഈയൊരു പുസ്തകം എന്നെ അത്ഭുതപ്പെടുത്തുന്നു. മറ്റൊരു തരത്തിൽ ജീവിക്കാൻ പ്രേരിപ്പിക്കുന്നു. പുസ്തകം എഴുതിയ പ്രിയപ്പെട്ട കബനിക്ക് നന്ദി.

*പച്ച മറ്റൊരു നിറമല്ല* പുസ്തകം പ്രസിദ്ധീകരിച്ചത് യുവത ബുക്സ്, കോഴിക്കോട്,*( 2002)*

*ക്യാമ്പയിൻ*

# നാടൻ വിത്ത് സംരക്ഷിക്കാം

ഇല്യാസ്

ഹരിതവിപ്ലവത്തിനു മുമ്പ് നാനാജാതികളിൽ പെട്ട വ്യത്യസ്തയിനം നെല്ല്, പച്ചക്കറി, പഴവർഗ്ഗങ്ങൾ എന്നിവയാൽ സമ്പന്നമായിരുന്നു നമ്മുടെ നാട്. ഓരോ പ്രദേശത്തിന്റെ മണ്ണിന്റെ ഘടനയ്ക്കും കാലാവസ്ഥയ്ക്കും ജലലഭ്യതയ്ക്കും അനുസരിച്ച് കർഷകർ നാടൻ ഇനങ്ങൾ വികസിപ്പിച്ചെടുത്തു. അവശേഷിക്കുന്ന നാടൻ വിത്തിനങ്ങൾ ഇനിയും സംരക്ഷിക്കുന്നില്ലായെങ്കിൽ ബഹുരാഷ്ട്ര കുത്തക ഭീമൻമാർ ഇറക്കുന്ന ജനിതകമാറ്റം വരുത്തിയ വിത്തുകൾ ഭാവിയിൽ നാം ഉപയോഗിക്കേണ്ടിവരും. നാടൻ വിത്തുകളുടെ പ്രാധാന്യവും പ്രത്യേകതകളും അവ സംരക്ഷിക്കപ്പെടേണ്ടതിന്റെ ആവശ്യകതയും ജനങ്ങൾക്ക് ബോധ്യപ്പെടുത്തി കൊണ്ടുള്ള ഒരു വാഹന പ്രചാരണ യാത്ര വിവിധ പരിസ്ഥിതി, കർഷക, സന്നദ്ധ സംഘടനകൾ ചേർന്ന് നടത്താൻ തീരുമാനിച്ചതിന്റെ പശ്ചാത്തലമിതാണ്.

ആദ്യഘട്ടത്തിൽ കേരളത്തിന്റെ വടക്കൻജില്ലകളിലൂടെയാണ് ഈ യാത്ര കടന്നുപോയത്. 2012 ഫെബ്രുവരി ആറിന് കാസർഗോഡ് ജില്ലയിലെ ബേഡകത്തുനിന്നും ആരംഭിച്ച ഈ യാത്ര ഫെബ്രുവരി 19 ന് തൃശൂരിൽ സമാപിച്ചു. നാടൻ വിത്തുകൾ സംരക്ഷിക്കുന്നവരുടെ കൂട്ടായ്മ വിപുലീകരിക്കുന്നതിനു വേണ്ടിയുള്ള രജിസ്ട്രേഷനും യാത്രയ്ക്കൊപ്പം നടക്കുകയുണ്ടായി.

> *പ്രകൃതിയുടെ മേൽ നമ്മൾ, മനുഷ്യർ നേടിയ വിജയങ്ങളെ ചൊല്ലി അതിരു കവിഞ്ഞ ആത്മപ്രശംസ നടത്തേണ്ടതില്ല. അത്തരം ഓരോ വിജയത്തിനും പ്രകൃതി നമ്മോട് പകവീട്ടുന്നുണ്ട്. ഓരോ വിജയവും ആദ്യകാലത്ത് നമ്മൾ ഉദ്ദേശിച്ച ഫലങ്ങളാണുണ്ടാക്കുന്നതെന്ന് ശരിതന്നെ. എന്നാൽ രണ്ടാമതും മൂന്നാമതുമായി അതുളവാക്കുന്നത് തികച്ചും വ്യത്യസ്തവും അപ്രതീക്ഷിതവും പലപ്പോഴും ആദ്യത്തെ നേട്ടത്തെ പിൻതള്ളുന്നുമായ ഫലങ്ങളാണ്.*
>
> -ഏംഗൽസ്- പ്രകൃതിയുടെ വൈരുദ്ധ്യാത്മകത

*ചുറ്റുവട്ടം*

# പൊന്തക്കാടുകളെ പേടിച്ചാലോ

ജയ തെക്കൂട്ട്

അഞ്ചുമാസമായി, കാലിക്കറ്റ് സർവകലാശാലയിൽ വെട്ടിവെളുപ്പിക്കൽ തുടങ്ങിയിട്ട്. കപ്പക്കൃഷി നടത്താനെന്നായിരുന്നു തുടക്കം. ഒടുവിലത് ഹരിതവൽക്കരണം എന്നായിരിക്കുന്നു. ഹരിതസമൃദ്ധിയൊക്കെ വെട്ടിത്തെളിച്ച് മാവും പ്ലാവും പുളിയും നടുമത്രേ! വെറുതെയല്ല. 14കോടി രൂപയുടെ പദ്ധതിയാണ്. ഇതിനുള്ള 'നിലമൊരുക്കൽ' തകൃതിയായി മുന്നേറുന്നു.

ഒക്ടോബർ മാസത്തിലാണ് കാലിക്കറ്റ് സർവകലാശാലാ കാമ്പസിലെ സസ്യവൈവിധ്യം പൊന്തക്കാടുകളായി പെട്ടെന്ന് രൂപം മാറിയത്. കൃത്യമായി പറഞ്ഞാൽ ഒരു കൃഷിശാസ്ത്രജ്ഞൻ സർവകലാശാലയുടെ തലപ്പത്ത് എത്തിയപ്പോൾ. കൃഷിയെന്നാൽ പ്രകൃതിവിരുദ്ധമാണ് അഥവാ സ്വാഭാവികപ്രകൃതി കൃഷി വിരുദ്ധമാണ് എന്ന തോന്നലുളവാക്കിക്കൊണ്ട് കാലഹരണപ്പെട്ട കാർഷികപാഠങ്ങൾ സർവകലാശാലയിൽ പ്രയോഗിക്കുകയായിരുന്നു പുതിയ വൈസ്ചാൻസിലർ. പഴക്കമുള്ള വള്ളിപ്പടർപ്പുകളും അപൂർവസസ്യങ്ങളും ഔഷധച്ചെടികളും സൂക്ഷ്മസസ്യങ്ങളും നിമിഷങ്ങൾ കൊണ്ടാണ് അദൃശ്യമായിത്തുടങ്ങിയത്. ഒപ്പം എണ്ണിയാലൊടുങ്ങാത്ത ജന്തുവൈവിധ്യങ്ങളും. സൂക്ഷ്മജീവികൾ, ശലഭങ്ങൾ, വണ്ടുകൾ, പ്രാണികൾ, ചെറുകിളികൾ, അരണകൾ, പാമ്പുകൾ...ഒരു സർവകലാശാലയിലെ സസ്യവൈവിധ്യം കേവലാർത്ഥത്തിൽ പൊന്തക്കാടുകളായി ലഘൂകരിക്കുന്നത് ഒരു കാമ്പസ് സമൂഹത്തിന് ഭൂഷണമാണോ? 35 അപൂർവ ഔഷധസസ്യവർഗങ്ങളും 124 പക്ഷിവർഗങ്ങളും ഈ സർവകലാശാല വളപ്പിലുണ്ടെന്ന് വിവിധ ഗവേഷണപഠനങ്ങൾ വെളിപ്പെടുത്തുന്നുണ്ട്. ബോട്ടണി-ലൈഫ് സയൻസ്-സുവോളജി വിഭാഗങ്ങളുടെ ഗവേഷണാവശ്യങ്ങൾക്കായി നിലനിർത്തേണ്ട അപൂർവസസ്യസമ്പത്ത്, സെക്യൂരിറ്റി ഗാർഡുമാരെ ഉപയോഗപ്പെടുത്തിത്തന്നെ പരിഹരിക്കാവുന്ന സുരക്ഷാ-മാലിന്യ പ്രശ്നങ്ങളുടെ പേരിൽ നശിപ്പിച്ചുകളയുന്നതിന് കാലിക്കറ്റ് സർവകലാശാലയെ ലോകമെമ്പാടുമുള്ള അക്കാദമിക് സമൂഹം വിചാരണചെയ്യുക തന്നെ വേണം.

*വർത്തമാനം*

# നാട്ടിൽ ഒരു പരിപാടിയും നടക്കാതിരുന്നെങ്കിൽ....

**കരീം കെ.പുറം**

നാട്ടിൽ ഒരു പരിപാടിയും നടക്കാതിരുന്നെങ്കിൽ എന്നാശിച്ചുപോവുകയാണ്. രാഷ്ട്രീയപ്പാർട്ടികളായാലും സാംസ്കാരിക സംഘടനകളായാലും, മത, തീവ്രവാദ, മിതവാദ സംഘടനകളായാലും അവരുടെയെല്ലാം പരിപാടികൾ ഭൂമിക്ക് ഒരു പ്രഹരം കൂടി ഏൽപിക്കുന്നു എന്നല്ലാതെ യാതൊരു ഗുണവും ഈ പരിപാടികൾ കൊണ്ട് കിട്ടുന്നില്ല എന്നത് ഏറെ ഖേദകരമാണ്. എല്ലാ പരിപാടിക്കാരും, എന്തിനധികം, പരിസ്ഥിതി സംഘടനകൾ പോലും അവരുടെ പരിപാടികൾക്ക് ഫ്ളക്സ് ബോർഡുകളും, പേപ്പർ ഗ്ലാസ് എന്ന് ഓമനപ്പേരിട്ട് വിളിക്കുന്ന പ്ലാസ്റ്റിക് ഗ്ലാസ്സുകളും ഉപയോഗിക്കുന്നു എന്ന് വരുമ്പോൾ തലയിൽ കൈവെച്ച് പ്രാകാൻ തോന്നുന്നു. "ഈ പരിപാടികൾ ഒന്നും നടക്കാതിരുന്നെങ്കിൽ!" ഈയിടെ ഒരു തറവാട്ടുവക അമ്പലത്തിലെ ഉത്സവത്തിനു പോയി. അവിടെ അന്നദാനത്തിന് പ്ലാസ്റ്റിക് 'വാഴ'യിലയിൽ ചോറ് വിളമ്പുന്നു. അമ്പലം 'വിറ്റ്' ജീവിക്കുന്ന അതിന്റെ മുഖ്യ സംഘാടകനോട് ഇതേകുറിച്ച് പരാതി പറഞ്ഞപ്പോൾ അയാൾ പറയുന്നത് 'ഒറിജിനൽ വാഴയിലയും, ഈ വിഷയിലയും തമ്മിൽ ഒരുപാട് പൈസയുടെ അന്തരമുണ്ടെ'ന്നാണ്. ലക്ഷക്കണക്കിനു രൂപ ചിലവിട്ട് നടത്തുന്ന ഉത്സവത്തിന്, ഭക്ഷണം വിളമ്പുന്നത് വിഷയിലയിൽ. അന്തസ്സുള്ളവരാരും പ്ലാസ്റ്റിക് 'വാഴ'യിലയിൽ അതിഥികൾക്ക് ഭക്ഷണം വിളമ്പാറില്ല പ്ലാസ്റ്റിക് ഡിസ്പോസിബിൾ കപ്പ് ഉപയോഗിക്കുന്ന, ഫ്ളക്സ് ബോർഡ് വെയ്ക്കുന്ന പരിസ്ഥിതിക്കാരുടെ പരിപാടികൾ ബഹിഷ്കരിക്കണം. . പരിസ്ഥിതി മാസികകൾക്കു വേണ്ടി ജീവിതം ഉഴിഞ്ഞിട്ടവർക്കും രാസവള, കീടനാശിനി സ്പർശമില്ലാതെ കൃഷി ചെയ്യാമെന്ന അറിവില്ലെന്നത് ഏറ്റവും വലിയ ഡയനാമിറ്റ് ആയി മാറുന്നു-അതുകൊണ്ട് ഇത്തരക്കാരെയെല്ലാം നമുക്ക് പാടത്തേക്ക് വിടാം. അവരവിടെ ഇതുവരെ ചെയ്ത എല്ലാ പാപങ്ങൾക്കും പരിഹാരം ചെയ്യട്ടേ! കൃഷിയിടത്തിൽ ചെന്ന് വെയിലുകൊള്ളേണ്ടത് എല്ലാ ജീവജാലങ്ങളുടേയും പാപമോചനത്തിനനിവാര്യമാണ്.


*ലിറ്റിൽ മാസിക*

1 വർഷത്തേക്ക്

**100**

രൂപ



ബാങ്ക് അക്കൗണ്ടിലേക്കും പണമയക്കാം

അക്കൗണ്ട് നമ്പർ- 0857101067932 (കാനറ ബാങ്ക് എടക്കര ശാഖ)

*-ലിറ്റിൽ മാസിക, ചുങ്കത്തറ, മലപ്പുറം-679334*




സൂര്യപ്രകാശത്താൽ താലോലിതമാകുന്ന ഈ പച്ചിലകൾ നോക്കൂ.. നിങ്ങൾ എപ്പോഴെങ്കിലും പ്രശാന്തവും ഉത്ബുദ്ധവുമായ ഹൃദയത്താൽ ഇലകളുടെ പച്ചയെ സത്യസന്ധമായി നോക്കി ഇരുന്നിട്ടുണ്ടോ... പച്ചയുടെ ഈ തണൽ ജീവന്റെ അത്ഭുതങ്ങളിൽ ഒന്നാണെന്ന്... എപ്പോഴെങ്കിലും സത്യസന്ധമായി നോക്കിയിട്ടില്ലെങ്കിൽ ഇപ്പോൾ അപ്രകാരമൊന്ന് ചെയ്യുക..

**-ഗൗതമബുദ്ധൻ**

## ശീതകാല പച്ചക്കറികൾ ആവശ്യമോ?

നാട്ടിലെ ഇപ്പോഴത്തെ പ്രധാന കൃഷി ശീതകാല പച്ചക്കറികളായിരിക്കുന്നു! ഇത്രയേറെ ആവേശത്തോടെ ആഘോഷമായി നടത്തപ്പെടുന്ന കാബേജ്, കോളിഫ്ളവർ തുടങ്ങിയ ശീതകാല പച്ചക്കറി വിളവെടുപ്പുത്സവങ്ങൾ നൽകുന്ന ദു:സ്സൂചനകളാണ് നാം ശ്രദ്ധിക്കേണ്ടത്. പച്ചക്കറി വൈവിധ്യത്താൽ സമൃദ്ധമായ നമ്മുടെ നാട്ടിൽ ഇവയെല്ലാം വിസ്മരിച്ച് യൂറോപ്യൻ കാലാവസ്ഥയിൽ വിളയുന്ന ഇനങ്ങൾക്ക് ഇത്രയേറെ പ്രോത്സാഹനം നൽകേണ്ടതുണ്ടോ എന്നും അവ നമുക്ക് എത്രത്തോളം ആരോഗ്യകരമായ ഭക്ഷണമാണ് എന്നും നാം രണ്ടുതവണ ആലോചിക്കേണ്ടതുണ്ട്.

-യഥാർത്ഥത്തിൽ നമ്മുടെ തീൻമേശകളിൽ ഒട്ടും ഇടംകൊടുക്കാൻ പാടില്ലാത്ത ഇനങ്ങളാണ് ശീതകാല പച്ചക്കറികൾ. ഉഷ്ണമേഖലാ കാലാവസ്ഥയിലുള്ള നമ്മുടെ നാട്ടിൽ വിളയുന്നു, കാലങ്ങളായി വിളയിച്ചിരുന്ന നൂറുകണക്കിന് പച്ചക്കറി ഇനങ്ങളിലൂടെ നമുക്ക് കിട്ടുന്ന യാതൊന്നും ഇത്തരം ശീതകാല ഇനങ്ങളിലൂടെ കിട്ടാൻ പോകുന്നില്ല. .തന്നെയുമല്ല ഖനലോഹങ്ങൾ (നിക്കൽ, കാഡ്മിയം, ലെഡ്) തുടങ്ങിയവ മണ്ണിൽ നിന്ന് പിടിച്ച് സൂക്ഷിക്കുന്ന സ്വഭാവമുള്ള കാബേജ് പോലുള്ളവ ആന്തരിക ആവാസവ്യവസ്ഥയ്ക്ക് സ്ഥായിയായ അപകടങ്ങളാണ് സൃഷ്ടിക്കുക. ഇവയെല്ലാം തന്നെ മികച്ച കാൻസർ ഹേതുക്കളുമാണ്.

-കാബേജിൽ അടങ്ങിയിട്ടുള്ള ഗോയിറ്റിൻ എന്ന ഘടകം നമ്മുടെ തൊണ്ടയിലുള്ള തൈറോയ്ഡ് ഗ്രന്ഥി ഉൽപാദിപ്പിക്കുന്ന തൈറോക്സിൻ എന്ന ഹോർമോൺ നശിപ്പിക്കുകയും തൊണ്ടമുഴയ്ക്ക് കാരണമാവുകയും ചെയ്യും

-ജെ.പി

Rs.10/- Little Masika April 2012 Reg No. RN67322 /94
Postal Reg.No.KL/MJI/82/2010-12






കാമ്പയിന്

# ന്യൂ അമരമ്പലം റിസർവ്വ് വനത്തെ ദേശീയോദ്യാനമായി പ്രഖ്യാപിക്കണം

ജൈവസമ്പന്നമായ ന്യൂ അമരമ്പലം റിസർവിനെ അതിന്റെ സർവ്വ വൈവിധ്യങ്ങളോടും കൂടി കാര്യക്ഷമമായി സംരക്ഷിക്കാൻ ഈ മേഖലയെ ദേശീയോദ്യാനമായി പ്രഖ്യാപിച്ച് സംരക്ഷണം ഉറപ്പുവരുത്തേണ്ടത് അത്യാവശ്യമായിരിക്കുന്നു. നിലമ്പൂർ സൗത്ത് ഫോറസ്റ്റ് ഡിവിഷനുകീഴിൽ കരുളായി വനം റേഞ്ചിൽ ഉൾപ്പെടുന്ന 215.3 ചതുരശ്ര കിലോമീറ്റർ വ്യാപ്തിയുള്ള ഈ സവിശേഷ വനമേഖല അഞ്ചിനം വനങ്ങളാൽ അനുഗ്രഹീതമാണ്.

-പശ്ചിമഘട്ട മലനിരയിലെ ഏറ്റവും സമ്പന്നമായ ഈ വനഭാഗം ഭൂമിശാസ്ത്രപരമായ പ്രത്യേകതകളാൽ മനുഷ്യ ഇടപെടലുകളിൽ നിന്നും അടുത്തകാലം വരെ ഒഴിഞ്ഞു നിന്നിരുന്നു. നീലഗിരി ജൈവമണ്ഡലത്തിന്റെ കോർ ഭാഗങ്ങളിലൊന്നായ ഇവിടുത്തെ 5 ഇനം വനഭാഗങ്ങൾ ഒറ്റ താഴ്‌വരയിൽ മറ്റൊരിടത്തും കാണാനാവില്ല.

-വരയാട്, കടുവ, മലമുഴക്കി വേഴാമ്പൽ, രാജവെമ്പാല, കരിങ്കുരങ്ങ്, സിംഹവാലൻ കുരങ്ങ്, നീലഗിരി മാർട്ടിൻ, മലബാർ വെരുക് തുടങ്ങി ഒട്ടനവധി അപൂർവ്വ ജീവി വർഗ്ഗങ്ങളും അനന്യമായ സസ്യസമ്പത്തിനാലും സമ്പന്നമായ ഈ മേഖലയ്ക്ക് കാര്യമായ സംരക്ഷണ പ്രവർത്തനങ്ങളില്ല എന്ന കാരണത്താൽ പല തരത്തിലുള്ള മനുഷ്യ ഇടപെടലുകൾ ഈ സമ്പന്ന വനമേഖലയ്ക്ക് ഭീഷണിയായിരിക്കുകയാണ്.

-വാർഷിത വർഷപാതം പതിനായിരം മില്ലിമീറ്റർ വരെയുള്ള ഈ മേഖലയിലെ അന്തരീക്ഷ താപനില ഗണ്യമായ ഏറ്റക്കുറച്ചിലുകളോടെ -4 മുതൽ 40° C വരെയാണ്. തമിഴ്നാട്ടിലെ മുക്കുർത്തി നാഷണൽ പാർക്കുമായും ബഫർസോൺ വഴി ലോകപ്രശസ്തമായ സൈലന്റ്‌വാലി നാഷണൽപാർക്കുമായും അതിർത്തി പങ്കിടുന്ന ഈ സവിശേഷ വനമേഖലയെ വന്യജീവിസങ്കേതമായി പ്രഖ്യാപിക്കണമെന്ന് 1982 മുതൽ നിലമ്പൂർ താഴ്‌വരയിലെ വിവിധ സാമൂഹ്യ സന്നദ്ധപ്രവർത്തകർ ആവശ്യപ്പെട്ടുവരികയാണ്. ലോക പൈതൃക പട്ടികയിൽ യുനെസ്കോ ഉൾപ്പെടുത്താൻ പോകുന്ന ഈ മേഖലയെക്കുറിച്ച് 2000 ത്തിൽ കേരള വനഗവേഷണകേന്ദ്രം നടത്തിയ പഠനം ഇവിടുത്തെ ജൈവസമ്പത്തിന്റെ വ്യാപ്തി വ്യക്തമാക്കുന്നതാണ്. പ്രസ്തുത പഠനറിപ്പോർട്ട് ആവശ്യപ്പെടുന്നവർക്ക് ലഭ്യമാക്കുന്നതാണ്.

-ഭാരതത്തിലെ ഏക ഗുഹാമനുഷ്യരായ 128 പേർ മാത്രം ഇനി ബാക്കിയുള്ള ചോലനായ്ക്കർ, നാനൂറിലധികം പേരുള്ള കാട്ടുനായ്ക്കർ തുടങ്ങിയ പ്രാക്തന ആദിവാസി ഗോത്രങ്ങളുടെ പരമ്പരാഗത ജീവിതമേഖലയായ ഈ പ്രദേശത്തിന്റെ സംരക്ഷണം ഇവരുടെ നിലനിൽപ്പിനും തുടർച്ചയ്ക്കും അത്യന്താപേക്ഷിതമാണ്.

-നീലഗിരി ജൈവസംരക്ഷണ മേഖലയുടെ ഏറ്റവും പ്രാധാന്യമേറിയ മർമ്മ മണ്ഡലമായ ന്യൂ അമരമ്പലം റിസർവ്വിലെ പുൽമേടുകൾ, ചോലക്കാടുകൾ, നിത്യഹരിതവനം, അർദ്ധ നിത്യഹരിതവനം, ആർദ്ര ഇലപൊഴിയും കാടുകൾ എന്നിങ്ങനെയുള്ള വൈവിധ്യമേറിയ ആവാസ വ്യവസ്ഥകളിൽ കഴിയുന്ന അത്യപൂർവ്വമായവ ഉൾപ്പെടെയുള്ള സസ്യങ്ങളും ജീവിവർഗ്ഗങ്ങളും കാര്യക്ഷമമായി സംരക്ഷിക്കപ്പെടാൻ ഈ മേഖലയെ ദേശീയോദ്യാനമായി പ്രഖ്യാപിച്ച് സംരക്ഷണം ഉറപ്പുവരുത്തേണ്ടതുണ്ട്. കക്ഷി രാഷ്ട്രീയപരമായ കാരണങ്ങളാൽ ഇക്കാര്യം നീണ്ടുപോകുന്നത് ഈ വനമേഖലയ്ക്കും ഇവിടെ നിന്നുത്ഭവിക്കുന്ന പുഴകൾക്കും അതിനെ ആശ്രയിക്കുന്നവർക്കും ഭീഷണികൾ ഉയർത്തുന്നുണ്ട്.

-ഇത്തരമൊരു സാഹചര്യത്തിൽ ന്യൂ അമരമ്പലം ദേശീയോദ്യാനം എന്ന ദീർഘകാലത്തെ ആവശ്യം അംഗീകരിച്ചു കിട്ടാനും സൈലന്റ്‌വാലിയുടെ സത്വര സംരക്ഷണത്തിനായി രൂപീകൃതമായ സൈലന്റ്‌വാലി ദൈശീയോദ്യാനത്തിന് ചുറ്റുമുള്ള 148 ചതുരശ്ര കിലോമീറ്റർ വ്യാപ്തിയുള്ള സൈലന്റ്‌വാലി ബഫർസോണിനെ വന്യജീവി സങ്കേതമാക്കണമെന്നും ആവശ്യപ്പെട്ട് ബഹുമുഖ പ്രവർത്തനങ്ങൾക്കും ജനകീയ കാമ്പയിനും തുടക്കം കുറിച്ചിരിക്കുകയാണ്. KSSP, നിലമ്പൂർ പ്രകൃതി പഠനകേന്ദ്രം, പ്രകൃതിജീവന ശാസ്ത്ര സമിതി, ഇക്കോലോക്കൽ ആക്ഷൻ (ELA), നിലമ്പൂർ പൗരസമിതി, ഫ്രണ്ട്സ് ഓഫ് നേച്ചർ, വിവിധ ലൈബ്രറികൾ, യുജന ക്ലബ്ബുകൾ തുടങ്ങി നിലമ്പൂർ താഴ്‌വരയിലെ വിവിധ സംഘടനകളുടെയും വ്യക്തികളുടെയും കൂട്ടായ പ്രവർത്തനത്തിന് 2008 ൽ രൂപീകൃതമായ നിലമ്പൂർ പരിസ്ഥിതി സംരക്ഷണസമിതിയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച കാമ്പയിന്റെ ഭാഗമായി വിവിധപഠന-ഗവേഷണ-പ്രചരണ-പരിരക്ഷണ പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുകയാണ്. ഇതിനായി കേരള ഹൈക്കോടതിയിൽ ഗവൺമെന്റ് തലത്തിൽ നടപടിക്കായി ഒരു കേസ് ഫയൽ ചെയ്തിരിക്കയാണ്. അതോടൊപ്പം ന്യൂ അമരമ്പലം റിസർവ്വിനായി ജനകീയ ആവശ്യമുന്നയിച്ച് കാമ്പയിൻ പ്രവർത്തനവും ആരംഭിച്ചിരിക്കയാണ്. താങ്കളുടെയും സുഹൃത്തുക്കളുടെയും പൂർണ്ണ പങ്കാളിത്തം പ്രതീക്ഷിക്കുന്നു.

എന്ന്

**കെ. രാജേന്ദ്രൻ, ചെയർമാൻ, നിലമ്പൂർ പരിസ്ഥിതി സംരക്ഷണസമിതി, 9495016535**
**ജയപ്രകാശ് നിലമ്പൂർ, കൺവീനർ, നിലമ്പൂർ പരിസ്ഥിതി സംരക്ഷണസമിതി, 9497627053**

Edited,Printed, Published and Owned by Biju John (Responsible for selection of news under the PRB Act ) and Printed at 4 Prints Manjeri for Co-Operative Press Chungathara.,Malappuram District.